


4
**STANDUP WITH SAIKIRAN**
• എം. ഷിയാസ്
തൊലി കറുത്തതിൻെറ പേരിൽ നേരിട്ട അവഹേളനവും ജീവിത പ്രശ്നങ്ങളും സരസമായി അവതരിപ്പിക്കുന്ന യുവാവിൻെറ വിസ്മയ പ്രകടനം, സായ്കിരണിൻെറ സ്റ്റാൻഡപ് കോമഡി

വാരാദ്യ മാധ്യമം
03 ഞായർ 2020 മേയ്
ലക്കം 1663

ഫീച്ചർ




# പേമാരി തോർന്ന വീട്

ചിത്രീകരണം: **കെ. സുധീഷ്**

**അനൂപ് അനന്തൻ**

കൂർത്ത നിശ്ശബ്ദത മാത്രമായിരുന്നു കഴിഞ്ഞ ഒന്നര മാസമായി ഈ വീട്ടിലും പരിസരത്തുമുണ്ടായിരുന്നത്. രണ്ടു ലക്ഷത്തിലധികം മനുഷ്യ ജീവൻ അപഹരിച്ച്, അതിലുമെത്രയോ ഇരട്ടി ജീവിതങ്ങളെ അനാഥരും അരക്ഷിതരുമാക്കി ലോകമാകെ പടർന്നുകയറിയ ഒരു മഹാമാരി ഈ വീടിനെ ഒന്നാകെ ഇരുട്ടിൽ നിർത്തിക്കളഞ്ഞു. ഒന്നിനു പിറകെ ഒന്നായി ദുരിത വാർത്തകൾ, പേമാരി പോലെ ഈ വീട്ടുമുറ്റത്തേക്ക് കടന്നുവന്നുകൊണ്ടേയിരുന്നു.

67 കാരനായ കോഴിക്കോട് എടച്ചേരി കല്ലേരിക്കുന്നത്ത് കുട്ട്യാലി, ഭാര്യ ഖദീജ (52), മകൾ ഷക്കീല, ഷക്കീലയുടെ മക്കളായ മുഹമ്മദ് സിനാൻ, റസ്മിന(19) എന്നിവരാണ് ഈ വീട്ടിലുണ്ടായിരുന്നത്. മാർച്ച് 18നാണ് ദുബൈയിൽനിന്ന് മറ്റുമക്കളായ അസ്കറും (39) ഫൈസലും (35)നാട്ടിലെത്തുന്നത്. ആദ്യ രോഗബാധയുണ്ടായത് ഗൃഹനാഥൻ കുട്ട്യാലിക്കാണ്. പിന്നീട്, ഫൈസലിന്. വൈകാതെ ഗൃഹനാഥ ഖദീജക്കും മൂത്ത മകൻ അസ്കറിനും പേരമകൾ റസ്മിനക്കും രോഗം ബാധിച്ചു. ഏപ്രിൽ 11നാണ് എല്ലാവരെയും രണ്ട് ആംബുലൻസുകളിലായി മെഡിക്കൽ കോളജിലെ കൊറോണ സെല്ലിലേക്ക് കൊണ്ടുപോകുന്നത്. 25ന് ഖദീജയും അസ്കറും 27ന് കുട്ട്യാലിയും റസ്മിനയും 29ന് ഫൈസലും ഡിസ്ചാർജായി. എല്ലാവരും വൈറസ് മുക്തരായെങ്കിലും വീണ്ടും വീട്ടിൽ നിരീക്ഷണത്തിൽ കഴിയുകയാണിപ്പോൾ.

## ഒന്നും മനസ്സിലായില്ല, ഒന്നും...

തൻെറ അഞ്ചു പതിറ്റാണ്ട് നീണ്ട ജീവിതത്തിൽ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത, കേട്ടുകേൾവി പോലുമില്ലാത്ത ദുരിതപർവങ്ങളിലൂടെയാണ് ഇക്കഴിഞ്ഞ ഒരുമാസത്തിലേറെയായി ഈ വീട്ടമ്മ കടന്നുപോയത്. "ദുബൈയിൽ ബിസിനസ് ചെയ്യുന്ന രണ്ട് മക്കളുൾപ്പെടെ ഏഴുപേരാണ് ഈ വീട്ടിലുള്ളത്. കഴിഞ്ഞ മാർച്ച് 18നാണ് മക്കൾ രണ്ടുപേരും ദുബൈയിൽനിന്ന് നാട്ടിലേക്ക് വന്നത്. വൈറസ് പടർന്നുപിടിക്കുന്ന സാഹചര്യത്തിൽതന്നെയാണ് രണ്ടുപേരും കൂടി തിരിച്ചെത്തിയത്. വഴിനീളെ പരിശോധനകൾ നടന്നു. എന്നാലും സർക്കാർ നിർദേശമനുസരിച്ച് വീട്ടിലെത്തിയ ഉടനെ ആരോഗ്യപ്രവർത്തകരെ അറിയിച്ചു. പിന്നീടെല്ലാം, ആരോഗ്യപ്രവർത്തകർ പറയുന്നതിനനുസരിച്ച് നടന്നു. രണ്ടാളും വീട്ടിൽ നിരീക്ഷണത്തിലായി. എല്ലാവരിൽ നിന്നും അകന്നുനിന്നു. അവർക്ക് കുഴപ്പങ്ങൾ ഒന്നും കണ്ടില്ല. കുട്ടികളുടെ ഉപ്പാക്ക് പല അസുഖങ്ങളുമുണ്ട്. അദ്ദേഹത്തിനാണ് ആദ്യം വന്നത്. പിന്നെ, മകൾക്കും പേരമകനും ഒഴികെ അഞ്ചുപേർക്കും വന്നു. പക്ഷേ, ഈ രോഗം വന്നതും പോയതുമൊന്നും എനിക്ക് മനസ്സിലായിട്ടില്ല. എന്താണ് സംഭവിച്ചതെന്നും അറിയില്ല. ഒന്നും പറയാനും എനിക്കറിയില്ല. എല്ലാത്തിനും അവസാനമായിരിക്കുന്നു. എല്ലാറ്റിനും പടച്ചോനോട് നന്ദി പറയാ.. ഇനി, ആർക്കും ഇതുപോലൊരു എടങ്ങേറ് ഉണ്ടാകാതിരിക്കട്ടെ..." ഖദീജ പറഞ്ഞു.

## അതിജീവനത്തിൻെറ മുറ്റം

പ്രവാസികളായ അസ്കറും ഫൈസലും ഒന്നിച്ചാണ് നാട്ടിലെത്തിയത്. രോഗം അതിജീവിച്ച് വീട്ടിലെത്തുകയും ചെയ്തു. എങ്കിലും വീണ്ടും നിരീക്ഷണത്തിൽ കഴിയുകയാണ്. ആരോഗ്യ വിഭാഗത്തിൻെറ നിർദേശം പാലിക്കുന്നത് ഏറെ സന്തോഷത്തോടെയാണെന്ന് മൂത്തമകൻ അസ്കർ പറയുന്നു. "സാമൂഹിക അകലത്തിലൂടെ മാത്രമേ ഈ വൈറസിനെ തോൽപിക്കാൻ കഴിയൂ എന്ന് ശരിക്കും ബോധ്യപ്പെട്ടു. എല്ലാത്തിൽനിന്നും മാറിനിൽക്കണം. ആരോഗ്യപ്രവർത്തകരുടെ വാക്കുകൾക്ക് പൂർണമനസ്സോടെ ചെവി കൊടുക്കണം. നാടുവിട്ട് ജോലിചെയ്യുന്നവരും മറ്റും ഇവിടെയെത്തിയാൽ എന്ത്വിലകൊടുത്തും അകലം പാലിച്ചേ മതിയാവൂ. ആരോഗ്യമുള്ളവർക്കിത് ഒരു പ്രയാസവും സൃഷ്ടിക്കുന്നില്ല. എന്നാൽ, നമ്മളോട് ബന്ധപ്പെട്ട പ്രായം ചെന്നവരുടെ സ്ഥിതി അങ്ങനെയല്ല. പ്രായംചെന്നവരിൽനിന്ന് കൃത്യമായി മാറിനിൽക്കണം. ആരാണ് വൈറസ് വാഹകനെന്ന് തിരിച്ചറിയാൻ പറ്റില്ല. കാരണം, ചെറുപ്പക്കാർക്ക് ഈ വൈറസ്ബാധ വലിയരീതിയിൽ പ്രയാസം ഉണ്ടാക്കുന്നില്ല. എനിക്ക് വൈറസ് ബാധിച്ചിട്ടും പ്രത്യേകിച്ച് ഒരു പ്രശ്നവും തോന്നിയില്ല. എന്നാൽ, ഉപ്പാക്ക് അങ്ങനെയല്ല, ആകെ തകിടം മറിഞ്ഞു. ന്യൂമോണിയ വരെ വന്നു. മാർച്ച് 30 മുതലാണ് പ്രശ്നങ്ങൾ കണ്ടു തുടങ്ങിയത്. ആദ്യം വടകര തണലിൽ ഡോ. ഇദ്രീസിനെ കണ്ടു. അദ്ദേഹം വിശദമായി പരിശോധിച്ചപ്പോഴാണ് ന്യൂമോണിയയാണെന്ന് തിരിച്ചറിഞ്ഞത്. കോഴിക്കോട് മെഡിക്കൽ കോളജിൽ പോകാനാണ് ഡോക്ടർ നിർദേശിച്ചത്. ഞങ്ങൾ ഇഖ്റ ആശുപത്രിയിൽ പോയി. അവിടെനിന്ന് മെഡിക്കൽ കോളജിലെ കൊറോണ സെല്ലിലെത്തി. പിന്നീട് മരുമകൾ, സഹോദരൻ, ഉമ്മ, ഞാനുൾപ്പെടെ അഞ്ചുപേർക്ക് വൈറസ് ബാധയായി."

> **കോഴിക്കോട് എടച്ചേരിയിലെ ഒരു കുടുംബത്തിലെ അഞ്ചുപേർക്ക് കോവിഡ് -19 ബാധിക്കുകയുണ്ടായി. സമാനതകളില്ലാത്ത ദുരിത പർവങ്ങളിലൂടെ കടന്നുപോയ ഈ കുടുംബമിപ്പോൾ പതിയെയെങ്കിലും എല്ലാം തിരിച്ചുപിടിക്കാനാവുന്നതിൻെറ സന്തോഷത്തിലാണ്. അഞ്ചു പേരും രോഗമുക്തി നേടി ആശുപത്രിയിൽനിന്ന് തിരിച്ചെത്തിയിരിക്കുന്നു**

## ആരോഗ്യപ്രവർത്തകരുടെ കരുതൽ

"ഈ രോഗംകൊണ്ട് ഒരു ഗുണമുണ്ടായി. നമ്മുടെ നാട്ടിലെ ആരോഗ്യപ്രവർത്തകരെയും ആരോഗ്യ സംവിധാനങ്ങളെയും അടുത്തറിയാൻ കഴിഞ്ഞു. എത്ര കാര്യക്ഷമമായാണ് അവർ നമ്മെ പരിപാലിക്കുന്നത്. വീട്ടിൽ നിരീക്ഷണത്തിലുള്ളപ്പോൾ എല്ലാ ദിവസവും വിളിക്കും. എന്തെങ്കിലും അസ്വസ്ഥത തോന്നുന്നുണ്ടെങ്കിൽ അറിയിക്കാൻ പറയും. അങ്ങനെ കരുതലിൻെറ കാര്യത്തിൽ മുൻപന്തിയിലാണ്. പിന്നെ, മെഡിക്കൽ കോളജിലെ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ജീവനക്കാർ ഒക്കെ ഒന്നിനൊന്ന് മെച്ചമാണ്. ആർക്കും ആരെയും കുറ്റപ്പെടുത്താൻ കഴിയാത്ത രോഗമാണിത്. അതെല്ലാവരും തിരിച്ചറിയണം. ഗൾഫ് രാജ്യങ്ങളിലൊക്കെ എല്ലാറ്റിൽ നിന്നും മാറി നിൽക്കുക അസാധ്യമാണ്. ലോകത്തിൻെറ എല്ലാകോണിൽ നിന്നും ആളുകൾ എത്തിച്ചേരുന്ന വ്യാപാരനഗരമാണ് ദുബൈ. വ്യാപാരത്തെ ഇത്രയേറെ പ്രോത്സാഹിപ്പിക്കുന്ന ഭരണകൂടമുണ്ടാകുമോയെന്ന് സംശയമാണ്. അവിടെനിന്നാണ് ഞങ്ങൾ വരുന്നത്. വൈറസ് വ്യാപനം അറിഞ്ഞ നാൾ മുതൽ വാർത്തകളിൽനിന്നും നാട്ടിൽനിന്ന് ലഭിക്കുന്ന വിവരങ്ങളും വെച്ച് ഏറെ കരുതലുകൾ കൈകൊണ്ടിരുന്നു. പക്ഷേ..." -ഈ ചെറുപ്പക്കാരൻെറ വാക്കുകൾ മുറിഞ്ഞു.

## എല്ലായിടത്തും വൈറസ് ഭീതി

"വൈറസ്ബാധ ഗൾഫ്നാടിനെ പൂർണമായും പിടികൂടുമെന്ന് ബോധ്യംവന്നപ്പോഴാണ് കിട്ടിയ ആദ്യ അവസരത്തിൽ തന്നെ തിരിച്ചുപോന്നത്. ഇനിയെന്ന് തിരിച്ചുപോകാൻ കഴിയുമെന്നൊന്നും ചിന്തിക്കാൻ കഴിയാത്ത മാനസികാവസ്ഥയായിരുന്നു അപ്പോൾ. എല്ലായിടത്തും വൈറസ്ഭീതി നിറഞ്ഞ സമയം. ആരോടും ഒന്നും തുറന്നുപറയാൻ കഴിയാത്ത മാനസികാവസ്ഥ. വിമാനത്താവളത്തിലെല്ലാം കൃത്യമായ പരിശോധനയുണ്ടായിരുന്നു. ദുബൈയിൽനിന്ന് വരുമ്പോൾ കൈയിൽ വലിയ ബോട്ടിൽ സാനിറ്റൈസർ ഉണ്ടായിരുന്നു. കൃത്യമായ ഇടവേളയിൽ സാനിറ്റൈസർ ഉപയോഗിച്ചു. എന്നിട്ടും എവിടെനിന്നോ കയറിപ്പറ്റി വൈറസ്.

ദുബൈ എയർപോർട്ടിൽനിന്ന് വേണ്ട പരിശോധനകൾ നടത്തിയിരുന്നു. പിന്നെ, കരിപ്പൂർ വിമാനത്താവളത്തിൽ ഇറങ്ങിയപ്പോഴും ആരോഗ്യവിഭാഗത്തിൻെറ പരിശോധന. പ്രത്യക്ഷത്തിലൊന്നും കണ്ടെത്താൻ കഴിയാത്തതിനാൽ വീട്ടിൽ നിരീക്ഷണത്തിൽ കഴിയാനായിരുന്നു നിർദേശം. ആരോഗ്യപ്രവർത്തകരെ വിളിച്ചറിയിച്ചു, നിലവിൽ പ്രശ്നങ്ങളില്ലെന്ന്. എന്നാൽ, കൃത്യമായി സാമൂഹിക അകലം പാലിച്ച് കഴിഞ്ഞു. പിന്നീടവർ ഓരോ ദിവസവും കാര്യങ്ങൾ അന്വേഷിച്ചു. ഇതിനിടയിൽ എങ്ങനെയോ ഉപ്പയെ വൈറസ് പിടികൂടി. ഉപ്പക്ക് രോഗം വന്നെന്ന് തിരിച്ചറിഞ്ഞപ്പോൾതന്നെ ഞങ്ങൾ ഉറപ്പിച്ചിരുന്നു; വൈറസ് ഞങ്ങളുടെ ശരീരത്തിലുമുണ്ട്, തിരിച്ചറിയാഞ്ഞിട്ടാണെന്ന്. ഉപ്പക്ക് പലവിധ അസുഖങ്ങൾ നേരത്തേയുണ്ടായിരുന്നു. ദൈവത്തിൻെറ കാരുണ്യംകൊണ്ട് ഉപ്പയും വൈറസ്മുക്തനായി തിരിച്ചെത്തിക്കഴിഞ്ഞു. കഴിഞ്ഞുപോയ നാളുകളെക്കുറിച്ച് പറയാതിരിക്കുകയാ ഭേദം. ഇനി എത്ര കാലം വേണമെങ്കിലും അകത്തിരിക്കാം കാരണം, ഈ വൈറസിനെ നമുക്ക് തോൽപിക്കണം. ഇതിന് മറ്റു മരുന്നുകളില്ല. അകന്നിരിക്കുകയല്ലാതെ."

## തിരിച്ചുപറക്കണം

ഇപ്പോൾ ചെറിയ ആശ്വാസമുണ്ട്. കുടുംബത്തിലെ എല്ലാവരിൽ നിന്നും വൈറസ് ഒഴിഞ്ഞല്ലോ. എന്നാൽ, അവസാനത്തെ രോഗിക്കും ഭേദമാകുന്നതുവരെ ആശങ്കയുണ്ടാകും. ഈ വൈറസ് ഇല്ലാതാകുന്ന കാലമാണ് സ്വപ്നം. ഉപ്പ 40 വർഷത്തോളം ഗൾഫിലായിരുന്നു. ഞാൻ തന്നെ 20 വർഷമായി. ദുബൈക്കു പുറമെ, മൂന്നുവർഷം ഖത്തറിൽ കഴിഞ്ഞു. അനിയൻ ഗൾഫിൽ വന്നിട്ട് 14 വർഷം. വീടുപണി പാതിവഴിയിൽ കിടക്കുകയാണ്. എല്ലാം പൂർത്തീകരിക്കണം. ഇപ്പോൾതന്നെ ദുബൈയിൽ കടകളൊക്കെ തുറന്നുകഴിഞ്ഞുവെന്ന് കേൾക്കുമ്പോൾ സന്തോഷമുണ്ട്. എല്ലാം ശരിയാവും. എത്രപേരുടെ പ്രാർഥനയുണ്ടെന്നോ. നാം മലയാളികൾ ഏറെ പഠിക്കാനുണ്ട്. ഇതൊരു തിരിച്ചറിവിൻെറ കാലമാണ്. നമ്മുടെ കൃഷിരീതി തിരിച്ചു കൊണ്ടുവരണം. എല്ലാറ്റിനും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് നിർത്തണം. സ്വയം പര്യാപ്തമാവേണ്ട കാലം കഴിഞ്ഞു. ഇനി പഴയകാലത്തെപ്പോലെ നാടിൻെറ തനിമ വീണ്ടെടുക്കണം. ജാഗ്രത വേണമെന്നാണ് ഈ കാലത്തിലൂടെ കടന്നുപോയത് കൊണ്ട് തോന്നുന്നത്. ലോക്ഡൗൺ ഒഴിവാക്കിയാലും ജാഗ്രത നമ്മളിൽ വേണം. ഈ ശുചിത്വബോധം തുടരണം. ആരോഗ്യമാണ് സമ്പത്തെന്ന് തിരിച്ചറിയണം. ഈ ചിന്തകൾ ഉള്ളതുകൊണ്ടുതന്നെ, വീടുകളിൽ തനിച്ച് കഴിയുമ്പോഴും ഒറ്റപ്പെടലില്ല. കഴിഞ്ഞ ഒരു മാസത്തെ അനുഭവത്തിൽനിന്ന് ഞങ്ങൾക്ക് ഉണ്ടായ തിരിച്ചറിവുകൾ ആണിത്.

എത്രയുംവേഗം കോവിഡ്-19 ഇല്ലാതാവട്ടെ എന്നാണ് ഞങ്ങൾ അഞ്ച് പേരുടെയും പ്രാർഥന -അസ്കർ പറഞ്ഞവസാനിപ്പിച്ചു.

◆

ആരോഗ്യം

# കോവിഡ്കാലത്തെ ‘ഡോക്ടർ ഷോപ്പിങ്’ ചിന്തകൾ

ഡോ. കെ.എസ്. പ്രഭാവതി

കോവിഡ്-19 വ്യാപനത്തെ തുടർന്ന് നടപ്പാക്കിയ ലോക്ഡൗണുമായി ബന്ധപ്പെട്ട് സമൂഹമാധ്യമങ്ങളിൽ ഇപ്പോൾ ഉയരുന്ന ചില ചോദ്യങ്ങളുണ്ട്. അതിലൊന്ന് ആശുപത്രികളിൽ കോവിഡുമായി ബന്ധപ്പെട്ടതല്ലാതെയുള്ള മറ്റു രോഗികളുടെ എണ്ണം ഗണ്യമായി കുറഞ്ഞതും മരുന്നുവിൽപന കുത്തനെ ഇടിഞ്ഞതും എന്തുകൊണ്ട് എന്നത്. സഞ്ചാരസ്വാതന്ത്ര്യത്തിലും ആശുപത്രികളിലേക്കുള്ള പ്രവേശനത്തിലും വരുത്തിയ കർശന നിയന്ത്രണങ്ങൾ മൂലമാണ് ഇതുണ്ടായത് എന്ന് ലളിതമായി പറയാമെങ്കിലും മറ്റുചില വിഷയങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യേണ്ടിയിരിക്കുന്നു.

ലോക്ഡൗണിനു മുമ്പ് ആശുപത്രികളിലും ക്ലിനിക്കുകളിലും കണ്ടിരുന്ന വലിയ തോതിലുള്ള തിരക്കും സ്വകാര്യ പ്രാക്ടിസ് നടത്തുന്ന ഡോക്ടർമാരുടെ വീടുകളിലുണ്ടായിരുന്ന ജനക്കൂട്ടവുമൊന്നും ഇപ്പോൾ കാണുന്നില്ല. അപ്പോൾ ആ ആൾക്കൂട്ടത്തിലെ ഒരു വിഭാഗം ഇപ്പോൾ ചികിത്സ ലഭിക്കാതെ അപകടാവസ്ഥയിലായിരിക്കുമോ? അവരുടെ ജീവന് ഭീഷണിയുണ്ടോ? അത്യപൂർവം കേസുകളിലൊഴിച്ചാൽ ആളുകൾ ചികിത്സ ലഭിക്കാതെ ബുദ്ധിമുട്ടിലാവുന്നു എന്ന വാർത്തകൾ അധികമായി കേൾക്കാത്തത് എന്തുകൊണ്ട്? ചികിത്സിക്കാതെതന്നെ അവരുടെയെല്ലാം അസുഖങ്ങൾ ഭേദമായോ?

ഴിഞ്ഞശേഷം ചികിത്സ തേടാമെന്ന് കരുതുന്ന ചെറിയൊരു ശതമാനത്തെയും ഇക്കൂട്ടത്തിൽ കണ്ടേക്കാം. ഈ കാലയളവിൽ റോഡപകടങ്ങൾ, തൊഴിലിടങ്ങളിലെ അപകടങ്ങൾ, രാഷ്ട്രീയ സംഘർഷങ്ങൾ എന്നിവ തീരെ കുറഞ്ഞതും ആശുപത്രികളിലെത്തുന്നവരുടെ എണ്ണം കുറച്ചിട്ടുണ്ട്. എന്നാലും അതിൽ ചിലരെങ്കിലും തേടിയിരുന്ന ചികിത്സ അനാവശ്യമായിരുന്നുവോ എന്നാണ് വീണ്ടും ഉയരുന്ന ചോദ്യം.

നിസ്സാര പ്രശ്നങ്ങൾക്കുപോലും ചികിത്സതേടുന്ന സ്വഭാവം പൊതുവെ മലയാളികൾക്കുണ്ട്. ഉയർന്ന വിദ്യാഭ്യാസ നിലവാരം സൃഷ്ടിച്ച ആരോഗ്യസംബന്ധമായ അറിവും വ്യാപകമായി ലഭിക്കുന്ന മികച്ച ചികിത്സ സംവിധാനങ്ങളുമാണ് ഇതിനൊരു കാരണം. പണമില്ലാത്തവർക്ക് സൗജന്യ ചികിത്സ ലഭിക്കുന്ന സംവിധാനങ്ങൾ കേരളത്തിന്റെ മുക്കിലും മൂലയിലുമുള്ളതും ചെറിയ കാര്യങ്ങൾക്ക് ചികിത്സ തേടുന്നതിന് ഒരു കാരണമാവാം.

ചെറിയ ശാരീരികപ്രശ്നം വരുമ്പോൾ, എന്തിനാണ് വെറുതെ റിസ്ക് എടുക്കുന്നത് എന്നു കരുതി ഡോക്ടർമാരെ സമീപിക്കുന്നത് ശീലമായവരാണ് നാം. ചിലരാകട്ടെ മരുന്നുകളാണ് ആരോഗ്യം സൃഷ്ടിക്കുന്നത് എന്ന് ധരിച്ചവശമായവരുമാണ്. ചെറിയ വിശ്രമം, അല്ലറചില്ലറ വീട്ടുവൈദ്യം എന്നിവകൊണ്ട് മാറുന്നവയാണ് ഗൗരവമല്ലാത്ത മിക്ക



രോഗങ്ങളും. ചെറിയ പനിയോ ജലദോഷമോ ശരീരവേദനയോ വരുമ്പോൾ നമ്മുടെ പൂർവികർ ചെയ്തിരുന്നതും ഇതുതന്നെ. അതിനുപകരം അവനവന്റെ സാമ്പത്തികശേഷിക്കനുസരിച്ച് മൾട്ടിസ്പെഷാലിറ്റി ആശുപത്രികളിൽ ചികിത്സ തേടുന്നവരായി ഭൂരിപക്ഷവും മാറിക്കഴിഞ്ഞു. ഈ യാഥാർഥ്യം പുനഃപരിശോധിക്കാനുള്ള ഒരു അവസരംകൂടിയാണ് ഇപ്പോൾ നമുക്ക് ലഭിച്ചിട്ടുള്ളത്.

യഥാർഥത്തിൽ ചികിത്സയും മരുന്നുമില്ലാതെ മാറുന്ന രോഗങ്ങളായിരുന്നുവോ ഇവരിൽ ചിലർക്കെങ്കിലും ഉണ്ടായിരുന്നത്? ഒരു പഠനംകൊണ്ട് മാത്രം കൃത്യമായ ഉത്തരങ്ങൾ ലഭിക്കുന്ന ചോദ്യങ്ങളാണ് ഇവയെങ്കിലും നമ്മുടെ സാമൂഹിക പ്രത്യേകതകളുടെ പശ്ചാത്തലത്തിൽ ഇക്കാര്യങ്ങൾ പരിശോധിച്ചുനോക്കാം.

അതേസമയം, ഡോക്ടർമാരുടെ അരികിലെത്തുന്നവരിൽ 20 മുതൽ 30 ശതമാനം വരെയുള്ളവർക്ക് പ്രത്യക്ഷത്തിൽ കാര്യമായ ശാരീരിക തകരാറൊന്നും ഉണ്ടാകാറില്ലെന്നത് നേരത്തേതന്നെ കണ്ടെത്തിയ ഒരു വസ്തുതയാണ്.

സർക്കാറിന്റെ അനുവാദത്തോടെ നിലവിൽ ചികിത്സയിലിരിക്കുന്ന രോഗികൾ ടെലിഫോണിൽ ഡോക്ടർമാരുമായി ബന്ധപ്പെട്ട് ഗുരുതരമല്ലാത്ത പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നവരുണ്ടെങ്കിലും അതൊരു ചെറിയ ശതമാനം മാത്രമാണ്. മറ്റൊരു വിഭാഗം ഡോക്ടർമാരെ കാണുകയോ മരുന്നുകൾ കഴിക്കുകയോ ചെയ്യാതെതന്നെ അവരുടെ പ്രശ്നങ്ങളെ അതിജീവിച്ചുവെന്ന് കരുതേണ്ടിയിരിക്കുന്നു. രോഗം സൃഷ്ടിക്കുന്ന അസ്വസ്ഥതകൾ സഹിച്ച് ലോക്ഡൗൺ ക

അതേസമയം, നിരന്തരം ഡോക്ടർമാരെ കണ്ട് ചികിത്സ തേടുന്ന ഒരു സ്വഭാവവും ചെറിയ അളവിലെങ്കിലും സമൂഹത്തിലുണ്ടെന്ന കാര്യം വിസ്മരിച്ചുകൂട. ശാരീരിക രോഗലക്ഷണങ്ങൾ പ്രകടമാക്കുന്നതും അതേസമയം മാനസികമായതലത്തിലുള്ള ഒരു പ്രശ്നവുമാണിത്. സൊമാറ്റഫോം ഡിസോർഡർ (Somatoform Disorders) എന്നാണ് ഇതിനെ വൈദ്യശാസ്ത്രം വിശേഷിപ്പിക്കുന്നത്. വേദനാരോഗം (Pain Disorder), ഇല്ലാത്ത രോഗത്തെക്കുറിച്ചുള്ള ഭയം (Hypochondriasis) എന്നിവയെല്ലാം ഈ വിഭാഗത്തിൽപെടുന്നവയാണ്.

തനിക്ക് എന്തൊക്കെയോ രോഗമുണ്ടെന്ന ശക്തമായ തോന്നൽ, അതിന്റെ പേരിൽ നിരന്തരം ഡോക്ടർമാരെ സന്ദർശിക്കൽ, രോഗമൊന്നും ഇല്ലെന്ന് ഡോക്ടർമാർ പറഞ്ഞാലും വിശ്വാസം വരായ്ക, ക്ലിനിക്കൽ-ലാബ് പരിശോധനയിൽ കുഴപ്പങ്ങളില്ലെങ്കിലും രോഗം ഉണ്ടെന്ന വിശ്വാസം തുടരുക തുടങ്ങിയവയൊക്കെ ഈ പ്രശ്നം നേരിടുന്നവരുടെ മാനസികാവസ്ഥകളാണ്. ഇക്കൂട്ടർ നിരന്തരം ഡോക്ടർമാരെ സന്ദർശിച്ച് തങ്ങളുടെ ആവലാതികളുടെ കെട്ടഴിക്കുകയും രോഗമൊന്നും ഇല്ലെന്നു പറയുന്ന ഡോക്ടറെ അവിശ്വസിച്ച് കൂടുതൽ ബിരുദവും പേരുമുള്ള മറ്റൊരു ഡോക്ടറെ തേടിപ്പോകുകയും ചെയ്യുന്നു. ഇന്ന് നമ്മുടെ സമൂഹത്തിൽ വർധിച്ചുവരുന്നതും ‘ഡോക്ടർ ഷോപ്പിങ്’ എന്ന് ഡോക്ടർമാർതന്നെ കളിയാക്കി വിളിക്കുന്നതുമായ പ്രവണതയാണിത്.

തലവേദന, നെഞ്ചുവേദന, പുറംവേദന തുടങ്ങി വിവിധ അവയവങ്ങളിൽ വേദന, ശരീരഭാഗങ്ങളിൽ തരിപ്പ്, പുകച്ചിൽ, കഠിനമായ ക്ഷീണം, അവയവങ്ങൾക്ക് ബലക്ഷയം, കാഴ്ചക്കുറവ്, കേൾവിക്കുറവ് എന്നീ ലക്ഷണങ്ങളെല്ലാം ഇത്തരം പ്രശ്നമുള്ളവരിൽ കാണാറുണ്ട്. ഇവിടെയൊക്കെ യഥാർഥ വില്ലൻ ഏതെങ്കിലും തരത്തിലുള്ള രോഗാണുക്കളുടെ സാന്നിധ്യമോ മറ്റു ശാരീരികപ്രശ്നങ്ങളോ അല്ല. മറിച്ച് ഒരു വ്യക്തിയുടെ പ്രത്യേക മാനസിക നിലകളിൽനിന്ന് ഉരുത്തിരിയുന്ന ശാരീരിക അവസ്ഥകളാണ്.

സൊമാറ്റഫോം ഡിസോർഡർ (Somatoform Disorders), ഡിസ്സോസിയേറ്റിവ് ഡിസോർഡർ (Dissociative Disorders), സൈക്കോസൊമാറ്റിക് ഡിസോർഡർ (Psychosomatic Disorders) തുടങ്ങി നിരവധി മാനസികപ്രശ്നങ്ങൾ മൂലം ഒരു വ്യക്തിക്ക് ശാരീരികപ്രശ്നങ്ങൾ അനുഭവപ്പെടാമെന്നാണ് വൈദ്യശാസ്ത്രത്തിന്റെ കണ്ടെത്തൽ. കടുത്ത മാനസിക സമ്മർദം നീണ്ടുനിൽക്കുമ്പോഴാണ് ചിലരിൽ ഇത്തരം അവസ്ഥ കണ്ടുവരുന്നത്.

ഇത്തരം രോഗികൾക്ക് വേദനകളും അസ്വസ്ഥതകളും യഥാർഥത്തിൽ അനുഭവപ്പെടുമെങ്കിലും ശാരീരികവേദനകൾക്ക് നൽകുന്ന വേദനസംഹാരികളോ മറ്റു മരുന്നുകളോ ഫലപ്രദമാകാറില്ല. മറിച്ച് അവരുടെ പ്രശ്നങ്ങൾ കണ്ടെത്തിയുള്ള മനഃശാസ്ത്രചികിത്സയാണ് നൽകേണ്ടത്. സൈക്കോതെറപ്പിയും ആവശ്യമെങ്കിൽ മാനസികപ്രശ്നങ്ങൾക്ക് നൽകുന്ന മരുന്നും ഉപയോഗിച്ചുള്ള ചികിത്സയാണ് ഇക്കൂട്ടർക്ക് ആവശ്യം.

ക്ലിനിക്കൽ-ലാബ് പരിശോധനകളിൽ പ്രശ്നങ്ങൾ കണ്ടെത്താതിരിക്കുകയും അതേസമയം ദീർഘകാലമായി ശാരീരിക അസ്വസ്ഥതകൾ തുടരുകയും ചെയ്യുന്നപക്ഷം വ്യക്തിക്ക് എന്തെങ്കിലും തരത്തിലുള്ള മാനസികപ്രശ്നങ്ങൾ ഉണ്ടോ എന്ന് ആരായേണ്ടിയിരിക്കുന്നു. ഇതിനായി മനോരോഗ വിദഗ്ധന്റെ സഹായം തേടാം. അസുഖത്തിന്റെ മൂലകാരണം കണ്ടെത്തി കൃത്യമായ ചികിത്സ നൽകിയാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.

വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും നേരിടേണ്ടിവരുന്ന പ്രശ്നങ്ങളോട് മനസ്സ് പ്രത്യേകരീതിയിൽ പ്രതികരിക്കുമ്പോഴാണ് ഇത്തരം മനോജന്യ ശാരീരിക രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നത്. സൊമാറ്റഫോം ഡിസോർഡർ പ്രശ്നമുള്ള രോഗികളുടെ കാര്യത്തിൽ പൊതുവെ മാനസിക അസ്വസ്ഥതകളൊന്നും പ്രത്യക്ഷത്തിൽ പ്രകടമാകുകയോ രോഗിക്ക് അനുഭവപ്പെടുകയോ ചെയ്യില്ല. ശാരീരിക അസ്വസ്ഥതകൾമാത്രമായിരിക്കും ഇക്കൂട്ടരുടെ പ്രശ്നം. ജീവിതത്തിൽ പ്രത്യേകിച്ച് പ്രശ്നങ്ങളും പ്രതിസന്ധികളും ഇല്ലാത്തവരെയും ഒരുതരത്തിലുള്ള മാനസിക സംഘർഷങ്ങൾ ബാധിക്കാത്തവരെയും പിടികൂടാമെന്നതും വർഷങ്ങൾ നീണ്ടുനിന്നേക്കാമെന്നതും ഈ രോഗത്തിന്റെ പ്രത്യേകതകളാണ്.

അതേസമയം, ഡിസ്സോസിയേറ്റിവ് (കൺവേർഷൻ) ഡിസോർഡർ രോഗികളിൽ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ ഒരേസമയം പ്രത്യക്ഷപ്പെടുന്നതായി കാണാം. കേൾവിശക്തി ഇല്ലാതാവുക, സംസാരശേഷി നഷ്ടമാവുക, അവയവങ്ങളുടെ ചലനശേഷി, സ്പർശനശേഷി എന്നിവ നഷ്ടമാവുക തുടങ്ങിയ ശാരീരികപ്രശ്നങ്ങൾ ഇക്കൂട്ടരിൽ കാണപ്പെടുമെങ്കിലും ലബോറട്ടറികളിലെ പരിശോധന, എക്സ്റേ, സ്കാനിങ് എന്നിവയിലൂടെ രോഗം കണ്ടെത്താനാവില്ല. പക്ഷേ, സാധാരണയായി ഇത്തരം പ്രശ്നങ്ങൾ അധികകാലം നീണ്ടുനിൽക്കാറില്ല. എന്നാൽ, സൈക്കോസൊമാറ്റിക് ഡിസോർഡർ കേസുകളിൽ ആസ്ത്മ, നിരന്തരമായ തുമ്മൽ, ആമാശയ അൾസർ തുടങ്ങിയ പ്രത്യക്ഷരോഗങ്ങൾതന്നെ കണ്ടെത്താനാവും. ഇതിനെല്ലാം പുറമെ കാണപ്പെടുന്ന മാലിംഗറങ് (Malingering) വിഭാഗത്തിൽപെട്ടവരിൽ ബോധപൂർവമായി എന്തെങ്കിലും പ്രത്യേക ലക്ഷ്യം നേടാനായി പ്രത്യക്ഷപ്പെടുന്ന രോഗലക്ഷണങ്ങളാണ്.

സ്കൂളിൽ പോകാൻ സമയത്ത് കുട്ടികളിൽ പ്രകടമാകുന്ന വയറുവേദന, ഛർദി, തലചുറ്റൽ, ബോധക്ഷയം തുടങ്ങിയവ ഇവിടെ സൂചിപ്പിച്ച പല രോഗങ്ങളുടെയും ലക്ഷണങ്ങളാണ്. വലിയവരിൽ ഇത് ഇഷ്ടമില്ലാത്ത കാര്യങ്ങളിൽ പങ്കെടുക്കേണ്ടിവരുന്ന വിവിധ ഘട്ടങ്ങളിലാണ് പ്രത്യക്ഷപ്പെടുക. തൊഴിലിടങ്ങളിലെ അന്തരീക്ഷം മോശമാകുമ്പോൾ അവിടെയുള്ള ജീവനക്കാരിൽ ജോലിക്ക് പോകുംമുമ്പ് ഇത്തരം ലക്ഷണങ്ങൾ കാണുന്നു. പരീക്ഷക്കാലത്തും, പൊതുവേദികളെ അഭിമുഖീകരിക്കേണ്ടിവരുമ്പോഴും ഇത്തരം പ്രശ്നങ്ങൾ ഉദയംചെയ്യാറുണ്ട്. ഇത്തരം ഘട്ടങ്ങൾ കഴിയുന്നതോടെ രോഗലക്ഷണങ്ങൾ സാധാരണ അപ്രത്യക്ഷമാകുകയും ചെയ്യും.

അതേസമയം, ഒരു വിഭാഗത്തിൽ ലഘുവായ മാനസികരോഗങ്ങളും ശാരീരിക അസ്വസ്ഥതകളായി പ്രത്യക്ഷപ്പെടാറുണ്ട്. ചെറിയതോതിലുള്ള വിഷാദരോഗം, ഉത്കണ്ഠ രോഗം, ഉന്മാദരോഗം എന്നിവയുടെ ലക്ഷണങ്ങളായും ശാരീരികപ്രശ്നങ്ങൾ കണ്ടുവരാറുണ്ട്. മാനസികപ്രശ്നങ്ങളെ തുടർന്ന് പ്രത്യക്ഷമാവുന്ന ശാരീരിക രോഗലക്ഷണങ്ങൾ ഭൂരിഭാഗവും തിരിച്ചറിയപ്പെടാതെ പോകുന്നു എന്നത് ഒരു യാഥാർഥ്യമാണ്. അതേസമയം, മനസ്സിന് ആവശ്യമായ പരിചരണം നൽകുകവഴി ഇത്തരം രോഗങ്ങളെ ഫലപ്രദമായി ചികിത്സിച്ചുഭേദമാക്കാനാകും. ഏതെങ്കിലും തരത്തിലുള്ള അസുഖം നമ്മെ പിടികൂടുമ്പോൾ കഴിയുന്നതും വിദഗ്ധ ഡോക്ടറുടെ സേവനം തേടുകയാണ് വേണ്ടത്. ആ ഡോക്ടർ നിർദേശിച്ചാൽ മാത്രമേ മറ്റൊരു ഡോക്ടറെ സമീപിക്കേണ്ടതുള്ളൂ. ഡോക്ടർമാരെ മാറിമാറി കാണുന്ന പ്രവണത പലപ്പോഴും രോഗത്തെ പ്രതികൂലമായി ബാധിച്ചേക്കാം. എന്നുമാത്രമല്ല, പരിശോധനകളുടെ പേരിലും മറ്റും കടുത്ത സാമ്പത്തികനഷ്ടത്തിനും സമയനഷ്ടത്തിനും ഇടയാക്കുകയും ചെയ്യും.

ലോക്ഡൗൺ കാലത്ത് മറ്റു രോഗികൾ കുറഞ്ഞു എന്നത് സാമൂഹികപരമായി നല്ല ലക്ഷണമാണ്. വിശ്രമം, വീട്ടിൽനിന്നുള്ള ഭക്ഷണം, ശാരീരിക ശുചിത്വം, അന്തരീക്ഷ മാലിന്യങ്ങളുടെ കുറവ്, ചെറിയ ശാരീരിക അസ്വസ്ഥതകളെ സ്വയം കൈകാര്യം ചെയ്യാനുള്ള മാനസികാവസ്ഥ എന്നിവയെല്ലാം ഇതിന് കാരണമായേക്കാം. എന്തുകൊണ്ട് ലോക്ഡൗണിനുശേഷവും നമുക്ക് ഈ വഴി തന്നെ തിരഞ്ഞെടുത്തുകൂടാ?

*(ലേഖിക കോഴിക്കോട് മെഡിക്കൽ കോളജ് മനോരോഗ വിഭാഗം മേധാവിയാണ്)* ◆

കത്തുകൾ




## കാലിടറില്ല ഒരിക്കലും

ലക്കം 1662 വാരാദ്യ മാധ്യമത്തിൽ പി. ലിസി എഴുതിയ, മലപ്പുറം മൂന്നിയൂർ പടിക്കലിലെ ശഫീഖ് പാണക്കാടന്റെ ജീവിതം പറയുന്ന കാലിടറില്ല കളത്തിലും ജീവിതത്തിലും എന്ന ഫീച്ചർ ഹൃദയസ്പർശിയായി. ഭിന്നശേഷിക്കാരുടെ വിസ്മയങ്ങൾ ഒട്ടേറെ കണ്ടിട്ടും കേട്ടിട്ടും ഉണ്ടെങ്കിലും ഷഫീക്ക് കായിക കരുത്തിൽ വ്യത്യസ്തനായത് ഏവർക്കും ആത്മവിശ്വാസം വർധിപ്പിക്കുന്നതാണ്. വീട്ടിൽ ഒതുങ്ങിക്കൂടാൻ അനുവദിക്കാതെ ആത്മസുഹൃത്തുക്കൾ ഷഫീക്കുമൊത്ത് നടത്തിയ യാത്രകൾ അദ്ദേഹത്തിന് പുതിയ ജീവിത സ്വപ്നങ്ങൾ കാണിച്ചുകൊടുത്തു. ഇത്തരം പോസിറ്റിവ് വാർത്തകൾക്ക് അഭിനന്ദനങ്ങൾ.

**ശുക്ര നൗറീൻ പാലക്കാട്ട്**
**കൊടിഞ്ഞി, മലപ്പുറം**

വാരാദ്യ മാധ്യമം ലക്കം 1662 ൽ വന്ന ‘കാലിടറില്ല കളത്തിലും ജീവിതത്തിലും’ ഫീച്ചർ ഗംഭീരമായിട്ടുണ്ട്. ഇന്ത്യയുടെ കായിക ചരിത്രത്തിലേക്ക് മലപ്പുറം പടിക്കൽ സ്വദേശി ഷഫീക്ക് പാണക്കാടൻ പറന്നുയരുന്നു. ലോകത്തിലെ മുഴുവൻ ഭിന്നശേഷിക്കാർക്കും പുതുവെളിച്ചവും പുത്തനുണർവുമാണ് അദ്ദേഹം സമ്മാനിച്ചിരിക്കുന്നത്. പ്രതിസന്ധിയോട് പടവെട്ടി ശുഭപ്രതീക്ഷയോടെ പാര അംപ്യൂട്ടി ഫുട്ബാളിലെ ഇന്ത്യൻ ടീമംഗമായും ദേശീയ നീന്തൽ താരമായും വളർന്ന, വലിയ ചെറിയ മനസ്സിന്റെ അത്യധ്വാനവും നിശ്ചയദാർഢ്യവും ആത്മവിശ്വാസവും ഒരു മാതൃകയാണ്. കായികലോകത്തും സഹജീവി സേവനത്തിലും പൊതു പ്രവർത്തനരംഗത്തും ഉയരങ്ങൾ കീഴടക്കാൻ ഇനിയും കഴിയട്ടെ.

**മുഹമ്മദ് മുട്ടത്ത്**
**ചേന്ദമംഗലൂർ, കോഴിക്കോട്**

## സ്വർണം വാരുന്ന ദരിദ്ര ജന്മങ്ങൾ

ലക്കം 1662 വാരാദ്യമാധ്യമത്തിൽ ‘സ്വർണം വാരുന്ന ദരിദ്ര ജന്മങ്ങൾ’ എന്ന തലക്കെട്ടിൽ അമീൻ ഇസ്‌ലാഹി എഴുതിയ യാത്രവിവരണം സിയറ ലിയോൺ എന്ന കൊച്ചു ആഫ്രിക്കൻ രാജ്യത്തിന്റെ സംസ്കാരവും ജീവിതരീതിയുമെല്ലാം മനസ്സിൽ തട്ടുന്ന തരത്തിൽ വരച്ചുതീർക്കുന്ന ഒന്നായി.

**ഇഖ്ബാൽ ടി.പി**
**കല്ലൻപടി, പൊന്നാനി**

സിയറ ലിയോണിലൂടെ സഞ്ചരിച്ച പ്രതീതിയാണ് ‘സ്വർണം വാരുന്ന ദരിദ്ര ജന്മങ്ങൾ’ എന്ന ആഫ്രിക്കൻ യാത്രാനുഭവ കുറിപ്പ് വായിച്ചപ്പോൾ ഉണ്ടായത്. ഹൃദ്യമായ വിവരണം.

**മമ്മൂട്ടി പള്ളിയാൽ, തരുവണ**

## സമകാലികം

നാസർ കക്കട്ടിലിന്റെ ഉപ്പ് എന്ന കഥ ഹൃദ്യമായി. (ലക്കം: 1661) സമകാലിക പ്രസക്തിയുള്ള ഒരു വിഷയത്തെ വളരെയധികം തന്മയത്വത്തോടെ, അനുവാചകന്റെ മനസ്സിൽ അസ്വസ്ഥതയുടെ പോറലേൽപിച്ചു കൊണ്ട് അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. മനുഷ്യൻ എത്ര നിസ്സാരനും നിസ്സഹായനുമാണെന്നും സമ്പന്നതയിലും തന്നേക്കാൾ താഴെ തട്ടിലുള്ളവരെ ആശ്രയിക്കേണ്ടിവരുമെന്നുമുള്ള സത്യം ഈ കഥ ഉണർത്തുന്നു. ചിത്രീകരണത്തിൽ ലുങ്കി മുണ്ടും മാസ്കും ധരിച്ച നായകനെ കാണാൻ കഴിഞ്ഞില്ല.

**കുഞ്ഞുട്ടി മാസ്റ്റർ, പുറമണ്ണൂർ**

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം
whatsapp: 9645006105
e-mail: varadyam@madhyamam.in
പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12

പാട്ടോരം

# മകരമാസത്തിലെ നഗരസന്ധ്യ

**“ ഏഴാച്ചേരി രാമചന്ദ്രൻ എഴുതി കുമരകം രാജപ്പൻ സംഗീതം ചെയ്ത് യേശുദാസ് പാടിയ ‘അരികിലേക്കിനിയും നീ ചേർന്നുനിൽക്കൂ’ എന്ന പാട്ടിനെക്കുറിച്ച്**


ഡോ. എം.ഡി. മനോജ്

ഒരു പാട്ടിന് ഉൾക്കൊള്ളാനാവാത്തതെന്തൊക്കെയുണ്ടെന്ന് തോന്നിപ്പിക്കുന്ന എത്രയോ നിമിഷങ്ങളുണ്ടാകും നമ്മുടെ ജീവിതത്തിൽ. അങ്ങനെയൊരു കേൾവിവരം നൽകുന്ന നിമിഷോന്മാദത്തിൽ നാം പാട്ടിന്റെ ചിറകുകൾ തെല്ലുനേരം കടമെടുത്ത് ഭൂമിയിൽനിന്ന് മറ്റൊരാകാശത്തിന്റെ അനന്തതയിലേക്കുയരാൻ ഇടയുണ്ട്. തിരിച്ചുവരുന്നത് മറ്റൊരു പാട്ടിന്റെ വിളി കേട്ടിട്ടാകും. ഇത്തരം തിരിച്ചുവിളികളുടെ സൗന്ദര്യാത്മകതകൾ തിരഞ്ഞുപോകുമ്പോൾ നിലവിലുള്ള പാട്ടുഭാഷയുടെ ഭാവനാക്രമങ്ങളെ അതിവർത്തിക്കുന്ന ഒരു പാട്ടിലേക്ക് നാം ആനയിക്കപ്പെടുകയാണ്. ഏഴാച്ചേരി രാമചന്ദ്രൻ എഴുതി കുമരകം രാജപ്പൻ സംഗീതം ചെയ്ത് യേശുദാസ് പാടിയ ‘ഓമന സ്വപ്നങ്ങൾ’ എന്ന സിനിമയിലെ ‘അരികിലേക്കിനിയും നീ ചേർന്നുനിൽക്കൂ’ എന്ന പാട്ടാണത്.

ഗ്രാമ-നഗര കാലങ്ങൾ ചലച്ചിത്ര ഗാനങ്ങളിൽ പലമാതിരി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. നഗരത്തിലേക്ക് ചേക്കേറുമ്പോൾ ഒരാൾ പിന്നിട്ടുപോന്ന നാട്ടിൻപുറത്തെപ്പറ്റി ഗൃഹാതുരമായി വിചാരിക്കും. ഇങ്ങനെ നിനക്കുമ്പോൾ ഗ്രാമത്തെ കുറച്ചുനേരം അകലെ വെക്കുകയും നഗരത്തെ പകരം അടുത്തുവെക്കുകയും ചെയ്യുന്നു എന്നർഥമാക്കുന്ന ട്രാൻസ്ട്രോമറുടെ കവിത മുന്നിലേക്ക് വരുന്നു.

‘അരികിലേക്കിനിയും നീ ചേർന്നു നിൽക്കൂ
മകരമാസത്തിലെ നഗരസന്ധ്യേ
അണിവിരൽ നീട്ടും നിൻ നിശ്വാസമല്ലയോ
ശിവമല്ലിപ്പൂവുകളായി...’

ഗ്രാമ-നഗര ഭാവങ്ങളെ ഒരുമിച്ചവതരിപ്പിച്ച് അവ തമ്മിലുള്ള വിചിത്ര ബന്ധങ്ങളെ വിലയിരുത്തുന്ന പാട്ടാണിത്. ഗ്രാമത്തിലെയും നഗരത്തിലെയും പ്രണയജീവിതത്തെ ഒരുമിച്ചു ചേർത്ത് ഒരു പാട്ടിന്റെ ഒരു പനമ്പ് നിർമിക്കുന്ന വിദ്യയാണ് ഇവിടെ ഏഴാച്ചേരി അവലംബിച്ചത്. പാട്ടിൽ പ്രണയത്തിന്റെ നഗരഭാഷ എഴുതുകയായിരുന്നു കവി. പ്രണയജീവിതത്തിൽ ഗ്രാമത്തിലേക്കും നഗരത്തിലേക്കും തുറക്കാവുന്ന സൂക്ഷ്മജാലകങ്ങൾ കാണാനാവും. അത് പാട്ടിൽ പലപ്പോഴും ഒരു മെഡിറ്റേറ്റിവ് ആർക്കൈവ് തന്നെയുണ്ടാക്കുന്നുണ്ട്. ഇവിടെ പ്രണയമെന്നത് ശരീരത്തിന്റെയും മനസ്സിന്റെയും ജ്ഞാനശ്രുതി കൂടിയാണെന്ന് കവി നമ്മെ ഓർമിപ്പിക്കുന്നു.


• യേശുദാസ്


• കുമരകം രാജപ്പൻ


• ഏഴാച്ചേരി രാമചന്ദ്രൻ

കലാലയങ്ങൾ പൂട്ടുന്ന കാലമാണ് സിനിമയിലെ സവിശേഷ പാട്ടുസന്ദർഭം. കമിതാക്കൾ വിടപറയുന്ന കാലം. ഉള്ളിലെ പ്രണയം തീക്ഷ്ണമാകുന്ന കാലമായിരുന്നു അത്. ‘മകരമാസത്തിലെ നഗരസന്ധ്യേ’ എന്ന പദംപോലും അത്രക്കും പ്രണയസങ്കൽപങ്ങൾ തീർക്കുന്നു.

മോതിരവിരൽ അണിഞ്ഞിട്ടുള്ള അഭിജ്ഞാനവും അവളുടെ വിശ്വാസവും എല്ലാം ശിവമല്ലിപ്പൂവുകൾ ആക്കുകയാണ്. പ്രണയസാഫല്യ മാത്രകളുടെ തീക്ഷ്ണ ഋതുവായി മാറുകയാണിവിടെ മകരമാസം. കാളിദാസ കവിതകളിൽ വേനലിന്റെ തീക്ഷ്ണതയും പ്രണയവും അതിന്റെ ഉയരങ്ങളിൽ നിൽക്കുന്നത് കാണാം. അത്തരമൊരു അന്തരീക്ഷം ഈ പാട്ടിന്റെ പല്ലവിയിൽ തീർക്കുകയാണ് ഏഴാച്ചേരി. ശിവമല്ലിപ്പൂക്കൾ എന്നതിവിടെ കാട്ടെരിക്കിന്റെ പൂക്കൾ. ചുടലകളിൽ വിരിയുന്നതും ശിവനേറ്റവും ഇഷ്ടവുമുള്ള പൂവാണ് കാട്ടെരിക്ക്. തീക്ഷ്ണ പരീക്ഷണങ്ങളെ നേരിട്ട ആദ്യ ഇന്ത്യൻ കാമുകൻ ഒരുപക്ഷേ, ശിവനായിരിക്കും. പല്ലവിയിൽ ഇത്തരമൊരു ശിവ-പാർവതി ബന്ധത്തിന്റെ ഇമേജറികൾകൂടി പരോക്ഷമായി ധ്വനിപ്പിക്കുന്നുണ്ട്; കവി.

‘മഴവില്ലും വസന്തവും കുയിലിന്റെ പഞ്ചമവും
സ്ത്രീധനം ചോദിച്ചുകൊണ്ടേ;
വിളിപ്പുറത്തെത്തുമീ രാവിലെ കൺമുനയാൽ
വിലക്കുന്നതും ഞാൻ കണ്ടു.’

ക്ഷണികതയുടെ ഇമേജറിയാണ് മഴവില്ല്. മഴവില്ലും വസന്തവും കുയിലിന്റെ പഞ്ചമവുമെല്ലാം കാമികളെ സംബന്ധിച്ചിടത്തോളം പ്രേമപ്രചോദനങ്ങളാണ്. വളരെ പെട്ടെന്ന് ഈ പ്രണയസന്ധ്യ മാഞ്ഞുപോകരുതേ എന്നാണ് പ്രണയികൾ ഇരുവരും ആഗ്രഹിക്കുന്നത്. സന്ധ്യകഴിഞ്ഞാൽ പിന്നെ രാത്രി വരാനായി അധികം നേരമില്ല. അതിനാൽ, രാത്രിയോട് വൈകിവരാൻ കൺമുനയാൽ വിലക്കുകയാണ്. ഇവിടെ പ്രതീക്ഷയുടെ; പ്രണയാനശ്വരതയെ വാഴ്ത്തിപ്പാടുകയാണ് കവി.

ഊഷരതയിൽനിന്ന് ഉർവരതയിലേക്കുള്ള പ്രയാണമാണിവിടെ പ്രണയം. ശരീരവും മനസ്സും തളിർക്കുന്ന കാലം; പ്രണയോന്മാദം എന്നിവ ചരണത്തിൽ കവി ബന്ധുരമായി നിബന്ധിച്ചിരിക്കുന്നു. ക്ലാസിക് കവിതകളിൽ സാധാരണ കാണുന്ന രീതിയാണ് സങ്കേതം കുറിക്കുക എന്നത്. അത് ഈ പാട്ടിൽ സൂക്ഷ്മമായി സ്ഥാനപ്പെടുന്നത് കാണാം.

കാമുകീകാമുകന്മാർ തങ്ങളുടെ സംഗമത്തിന് തിരഞ്ഞെടുക്കുന്ന സങ്കേതങ്ങളെയാണ് ഇങ്ങനെ ക്ലാസിക്കൽ കവിതകൾ പറയുന്നത്. നഗരം ഇവിടെ കാമുകീകാമുക സംഗമത്തിന്റെ സങ്കേതമായിത്തീരുന്നു. ഗ്രാമ-നഗര കാഴ്ചകളുടെ സംഗമം പാട്ടിലവിടവിടെ പ്രത്യക്ഷമാവുന്നു. തീക്ഷ്ണമായ വേനൽ, ഹൃദയം പൂത്തുതളിർക്കും നേരം, പ്രണയാർദ്ര കാലങ്ങൾ എന്നിവ പാട്ടിൽ സൂക്ഷ്മമായി വിന്യസിച്ചിരിക്കുകയാണിവിടെ.

‘എന്നെയും നിന്നെയും തമ്മിലിണക്കുമീ
ധന്യമുഹൂർത്തമിതേതുരാഗം’

ഈ വരിയിലെ രാഗം മറ്റൊന്നുമല്ല, അനുരാഗംതന്നെയാണത്. അതിന്റെ നിറം ചോരച്ചുവപ്പ്. അനുപല്ലവിയിലും ചരണത്തിലും ആവർത്തിച്ചുവന്ന ‘കണ്ടു’ എന്ന വാക്കിലൂടെ പ്രണയശൃംഗാരത്തിന്റെ സംഗീതമാവിഷ്കരിച്ചിരിക്കുകയാണ് കവി. അനവധി ജീവിതമുഹൂർത്തങ്ങളിൽ സന്ധ്യയെ സംബോധനചെയ്തുകൊണ്ടാണ് കവി തന്റെ പാട്ടിൽ കാഴ്ചകൾ കൊണ്ടുവരുന്നത്. പ്രണയത്തിന്റെ ധന്യസംസ്കൃതികൾ പാട്ടിലെ കാവ്യസംസ്കാരത്തെയും ജീവിതദർശനത്തെയും ആഴത്തിൽ സ്വാധീനിക്കുന്നു.

അലൗകികമായ ഒരനുരാഗത്തിന്റെ അർക്കപടലം ഈ പാട്ടിൽ നിറഞ്ഞുകിടപ്പുണ്ട്. രതിയുടെ ഉന്മാദവുമായി സാത്മ്യം പ്രാപിക്കുന്ന നിർവൃതിയും പരിപൂർത്തിയും പാട്ടിന്റെ അടിയൊഴുക്കായിത്തീരുന്നു. ആര്യ-ദ്രാവിഡ ഗോത്രസ്മൃതികൾ കാത്തുസൂക്ഷിക്കുന്ന ശൈവപ്രണയത്തിന്റെ കൽപനകൾ ആഴത്തിൽ പതിഞ്ഞുകിടപ്പുണ്ട് ഇവിടെ. അപൂർവം സിനിമകൾ മാത്രമേ, ദേവരാജ ശിഷ്യനായ കുമരകം രാജപ്പൻ സംഗീതം ചെയ്തിട്ടുള്ളൂ. നാടകങ്ങളിൽ സംഗീതം ചെയ്യാനാണ് അദ്ദേഹത്തിന് കൂടുതൽ അവസരങ്ങൾ കൈവന്നത്. തരംഗിണിയിൽ ഒന്നോ രണ്ടോ ആൽബങ്ങളും അദ്ദേഹത്തിന്റേതായി വന്നു. ദേവരാജൻ മാഷ്, തന്റെ ശിഷ്യരിൽ കേമനായി കരുതിയ ഒരാൾ കൂടിയായിരുന്നു കുമരകം രാജപ്പൻ. രണ്ടുപേർ തമ്മിലുള്ള പ്രണയത്തിന്റെ അരികെയെയും അകലത്തെയും നിർണയിക്കാനും നിർവചിക്കാനും കഴിയുമെന്ന് ഒരു ഗാനം അതിന്റെ മുഴുവൻ സൗന്ദര്യഘടനയിൽ പ്രഖ്യാപിക്കുന്നു. ◆

## കഥ

# 1861

**പ്രശാന്ത് ടി. വള്ളിക്കുന്ന്**



ചിത്രീകരണം: ഷബ്ന സുമയ്യ

പാലങ്ങളെ വിറപ്പിച്ചും നഗരങ്ങളെ കുലുക്കിയും തുരങ്കത്തിലെ ഇരുട്ടുവിഴുങ്ങിയുമൊക്കെ ഓടുമ്പോഴും ഒരു തീവണ്ടി ഭയക്കുന്നത് ചെറിയൊരു കഷണം ചുവന്ന തുണിയെയാണ്. അയാൾ തലയണക്കടിയിൽ വെച്ച ടോർച്ചെടുത്ത് കത്തിച്ചു. വെളിച്ചം ക്ലോക്കിലേക്ക് പായിച്ചു. തലയണക്കടിയിൽ ടോർച്ച് വെച്ചാലേ അയാൾക്ക് രാത്രിയിൽ ഉറക്കം വരുകയുള്ളൂ. കാലിൽ ചെറിയമണൽച്ചാക്ക് കെട്ടി തൂക്കിയിട്ടിരിക്കുകയാണ്. വൈദ്യൻെറ ചികിത്സയാണ്. കനത്ത നടുവേദന. അലോപ്പതി ഡോക്ടർ സർജറി വേണമെന്ന് പറഞ്ഞപ്പോൾ അയാൾ വയസ്സ് എഴുപതായെന്ന് പറഞ്ഞു.

രാവിലെ മംഗലാപുരത്തേക്ക് പോവണ എക്സ്പ്രസ് ട്രെയിൻ വീടിനടുത്തെത്തുമ്പോഴാണ് അയാൾ സാധാരണ ഉണരുക. ജനാല ചിൽ ചെറുതായൊന്ന് തള്ളും. പിന്നെ അയാൾ ലൈറ്റിട്ട് ബീഡി കത്തിച്ച് കക്കൂസിലേക്ക് പോവും. അഥവാ, ഇനി ട്രെയിൻ വൈകിയാലും അയാൾ എഴുന്നേറ്റിരിക്കും. എടീ ട്രെയിൻ വൈകിയല്ലോ എന്നു പറഞ്ഞ് വാച്ചിലേക്ക് നോക്കിയിരിക്കും. അയാൾ മുപ്പതു വയസ്സ് തൊട്ട് ഇന്ത്യൻ റെയിൽവേയിൽ ഗേറ്റ് കീപ്പറായിരുന്നു. ഗേറ്റ് അടക്കലും തുറക്കലുമൊക്കെ അന്നത്തെ കാലത്ത് ഇന്നത്തേതിനേക്കാൾ പ്രയാസം പിടിച്ച പണിയായിരുന്നു. “എന്താടീ മംഗലാപുരം വണ്ടി പോവാത്തേ. നേരം നല്ലോണം വൈകിയല്ലോ?”

വീണ്ടും ക്ലോക്കിലേക്ക് വെളിച്ചം പായിച്ചു. ആ ക്ലോക്കിൽ സതേൺ റെയിൽവേ എന്ന് എഴുതിയിട്ടുണ്ട്. സർവിസിൽനിന്ന് വിരമിക്കുമ്പോ ഓഫിസിൽനിന്ന് കൊടുത്തതാണ്. ക്ലോക്ക് പലതവണ കേടുവന്നിട്ടും അയാൾ നന്നാക്കിയെടുത്തു.

“എടീ ആ റേഡിയോ ഒന്ന് ഓണാക്കിക്കേ.”

അയാളുടെ ഭാര്യ തിരിഞ്ഞ് കിടന്നു.

“ബാറ്ററി തീർന്നിട്ടുണ്ട്.

കറൻറിന് കുത്തിയാ അത് മിണ്ടേം ഇല്ല.”

ഏഴു മണിക്ക് ചായ കുടിക്കുമ്പോൾ അയാൾ ടെലിവിഷൻ ഇട്ട് നോക്കാൻ പറഞ്ഞു.

“അതിന് അതിൻെറ റിമോട്ട് കേടായിപ്പോയി.”

മക്കൾ രണ്ടു പേരും അമേരിക്കയിലാണ്. ജോലിയിൽനിന്ന് വിരമിച്ചപ്പോ നഗരത്തിലെ വീടുവിൽക്കാൻ അയാൾ തീരുമാനിച്ചു. റെയിൽവേ ട്രാക്കിനോട് ചേർന്നുള്ള ഈ പറമ്പ് അങ്ങനെ വാങ്ങിയതാണ്. എന്നിട്ട് റെയിൽവേയോട് ചേർന്ന അതിർത്തിയിൽ നിറയെ മാവിൻതൈകൾ നട്ടു. വണ്ടിയുടെ ഒച്ച കേട്ടാൽ മാവ് പെട്ടെന്ന് വളർന്ന് നിറയെ പൂക്കുമെന്ന് അയാൾ പറഞ്ഞത് അക്ഷരാർഥത്തിൽ ശരിയായി. ഇതു വരെയുള്ള ജീവിതം മുഴുവൻ ഓടി തീർത്തത് താനല്ല തീവണ്ടികളാണെന്ന് അയാൾക്ക് തോന്നാറുണ്ട്. ഗേറ്റ് കടന്ന് വണ്ടി പോകുമ്പോൾ ഒരു പാട്ട് ആസ്വദിക്കുന്ന പോലെ അയാൾ ചക്രങ്ങളുടെ സ്വരം ആസ്വദിച്ചു നിന്നിട്ടുണ്ട് എത്രയോ വട്ടം. പെൻഷൻ പറ്റി വയസ്സായില്ലേ ഇനി എന്ത് തീവണ്ടി കാണാനാന്ന് ചോദിച്ച് വീട് വിൽക്കുന്നതിനെ എതിർത്തപ്പോ അന്നയാൾ ഭാര്യയോട് പറഞ്ഞു:

“നമ്മൾ പ്രായത്തിൻെറ ഏതു കൊമ്പിലാണോ അവിടെയാണ് ജീവിതത്തിൻെറ വസന്തം” ഒമ്പത് മണിക്ക് ദോശ കഴിക്കുമ്പോൾ അയാൾ ആശങ്കപ്പെട്ടു. സാധാരണ പോലെ എട്ടു മണീൻെറ പാസഞ്ചർ വണ്ടി പോയില്ലല്ലോന്ന്. ഇന്ന് വല്ല ഹർത്താലും ഉണ്ടോ? ഒന്ന് പുറത്തിറങ്ങി നോക്കിയാലോന്ന് അയാൾ പറഞ്ഞപ്പോൾ വൈദ്യനോട് വിളിച്ചു പറയുമെന്ന് ഭാര്യ ഭീഷണിപ്പെടുത്തി. ഒരു മാസം പറയണത് കേട്ട് അനങ്ങാതെ കിടന്നാൽ നടുവേദന പൂർണമായും മാറ്റിത്തരാമെന്നാണ് വൈദ്യൻ പറഞ്ഞിരിക്കുന്നത്. വൈദ്യൻ നല്ല ചൂടനാണ്. അതിനാൽ അത്യാവശ്യ കാര്യങ്ങൾക്ക് മാത്രമാണ് അയാൾ കട്ടിലിൽനിന്ന് എഴുന്നേൽക്കുന്നത്.

മൂത്രമൊഴിക്കാൻ എഴുന്നേറ്റപ്പോൾ ഹാളിലെ ജനാലക്കരികിൽ ചെന്ന് അയാൾ പാളങ്ങളിലേക്ക് നോക്കി.നേരം ഇത്രയായിട്ടും ഒരു ഗുഡ്സ് ട്രെയിൻ പോലും പോയിട്ടില്ല. ബന്ദ് നടത്താണേൽ പോലും വണ്ടി തടയാനാവില്ലല്ലോ. പുതിയവീടുണ്ടാക്കിയപ്പോൾ വൈറ്റ് ഹൗസ് എന്ന് പേരിടാനാണ് അമേരിക്കയിലെ മക്കൾ നിർദേശിച്ചത്. അതിന് ഇവിടെ താമസിക്കുന്നത് റിട്ടയേഡ് ഗേറ്റ് കീപ്പറാണെന്ന് അയാൾ തമാശയായി പറഞ്ഞു. അയാൾ ഒരു അടിയുറച്ച കമ്യൂണിസ്റ്റുകാരനാണ്. അമേരിക്കയോടൊന്നും അത്ര താൽപര്യമില്ലതാനും. മക്കൾ ജോലി കിട്ടി പോവുമ്പോ തടസ്സം പറഞ്ഞില്ല എന്ന് മാത്രം. എന്നാ പിന്നെ അമ്മയുടെ പേരിട്ടേക്ക് വീടിനെന്ന് മക്കൾ പറഞ്ഞപ്പോ അതും അയാൾ സ്നേഹപൂർവം തള്ളി.

വീടിൻെറ പേരിടണതിൽ അയാൾ ഒറ്റക്കൊരു തീരുമാനമെടുത്തു. ടൗണിലെ കടയിൽ പോയി ഗ്രാനൈറ്റ് കഷണത്തിൽ തന്നെ ഭംഗിയായി പേരെഴുതിച്ചു. 1861. അന്ന് മുഴുവൻ ഭാര്യ അയാൾക്ക് സ്വൈരം കൊടുത്തില്ല. ഇതെന്തോന്ന് പേരാണ്. മക്കൾ ഫോണിലൂടെ കൂവിവിളിച്ചു. പക്ഷേ, അയാൾ ഉറച്ചുനിന്നു.

1861.

ആ വർഷം മറക്കാനാവില്ല. അന്നാണല്ലോ.കേരളത്തിൻെറ തെങ്ങോലകളിലേക്ക് കരി തുപ്പി തീവണ്ടി ഓടാൻ തുടങ്ങിയത്. എട്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് അയാൾ ആദ്യായിട്ട് തീവണ്ടിയിൽ കയറിയത്. അന്ന് സ്റ്റേഷനുകളിൽ നിന്ന് പച്ചക്കൊടി വീശുന്ന റെയിൽവേക്കാരെ കണ്ടപ്പോ അയാൾക്ക് ആഗ്രഹം തോന്നി. എങ്ങനേലും റെയിൽവേ ഡിപ്പാർട്മെൻറിൽ ജോലി നേടണം. കിട്ടണത് ഗ്യാങ്മാൻെറ ജോലിയായാലും വേണ്ടില്ല. തീവണ്ടി പായിപ്പിക്കുന്ന വകുപ്പിൻെറ ഭാഗമാവണം. പതിനൊന്നര മണിയായപ്പോൾ അയാൾ ഫോണെടുത്ത് പഴയ സഹപ്രവർത്തകനെ വിളിച്ചു.

“എന്താ കുട്ടപ്പാ വണ്ടിയൊന്നും ഓടാത്തേ?”

“ഒന്നുമറിഞ്ഞില്ലേ?”

“ഇല്ല ”

“രാജ്യത്ത് ഒരു വൈറസ് രോഗം പടരുകയാണ്. രാജ്യം അടച്ചിട്ടിരിക്കയാണ്. ട്രെയിൻ ഒന്നും ഇനി ഓടില്ല.”

അങ്ങേതലയ്ക്കലേക്ക് ഒരൽപം മൗനം നൽകി അയാൾ ചോദിച്ചു.

“ഗുഡ്സ് വണ്ടിയും ഓടൂലേ”

“അറിയില്ല.”

“ടി.വി കേടായതുകൊണ്ട് ചോദിക്കയാണ്, അമേരിക്കയിലും ഉണ്ടോ ഈ വൈറസ് രോഗം?”

അതിന് മറുപടിയായി അപ്പുറത്തുനിന്ന് മറ്റൊരു ചോദ്യമായിരുന്നു.

“ബൈപാസ് സർജറി കഴിഞ്ഞിട്ട് ഇപ്പഴും അതിന് മരുന്ന് കഴിക്കണുണ്ടോ?”

അയാൾക്ക് ആ ചോദ്യം തീരെ ഇഷ്ടപ്പെട്ടില്ല. ബൈപാസ് സർജറി കഴിഞ്ഞിട്ട് നാലു വർഷമായി. ഇപ്പഴും മരുന്നുണ്ട്. വല്ലപ്പോഴുമൊന്ന് പോയി കാർഡിയോളജിസ്റ്റിനെ കാണും. പക്ഷേ, എഴുതി തന്ന മരുന്ന് മുടങ്ങാതെ കഴിക്കുന്നുണ്ട്.

രാത്രി അയാൾ ഭക്ഷണം കഴിച്ചില്ല.

“പേടിക്കണ്ട. ഞാൻ എല്ലാം അറിഞ്ഞിരുന്നു. ഒരു മാസത്തേക്കുള്ള സാധനം ഞാൻ ഇവിടെ എത്തിച്ചിട്ടുണ്ട് ” ഭാര്യ എത്ര പറഞ്ഞിട്ടും രാത്രി വൈദ്യൻെറ മരുന്നും അയാൾ കഴിച്ചില്ല. ഭാര്യ തിളപ്പിച്ച് കൊണ്ടുവന്ന കഷായം അവിടെ തന്നെ വെച്ചോളാൻ പറഞ്ഞു.

മനസ്സ് റെയിലുപോലെ 1861 ലേക്ക് നീണ്ടൊന്നു കിടന്നു. ഇന്ത്യൻ റെയിൽവേ ഇതിനു മുമ്പ് എപ്പോഴെങ്കിലും ഓട്ടം നിർത്തിയിട്ടുണ്ടോന്ന് പഴയ റെയിൽവേ എൻജിനീയറെ വിളിച്ച് ചോദിച്ചു. മകളും കുടുംബവും ഹൈദരാബാദിൽ കുടുങ്ങിക്കിടക്കയാണ് പിന്നെ വിളിക്കാന്ന് പറഞ്ഞ് എൻജിനീയർ ഫോൺ വെച്ചു. അമേരിക്കയിലെ മക്കൾ നാളെയേ വിളിക്കൂ എന്ന് പറഞ്ഞിട്ടുണ്ടെന്ന് ഭാര്യ അയാളെ അറിയിച്ചു.

ചെറുതായി മഴ പെയ്തു. നടുവേദന അൽപം അധികമായി. കുറച്ച് നടന്നതിനാലാവാം. വെളിച്ചം അണച്ചില്ല. മരുന്ന് കഴിക്കാത്തതിന് ചീത്ത വിളിച്ച് ഭാര്യ ഉറങ്ങി. പാളത്തിനടുത്തുനിന്ന് നായ്ക്കൾ ഓരിയിട്ടു. പലവട്ടം മൂത്രശങ്ക അനുഭവപ്പെട്ടു. ഭാര്യയെ വിളിച്ചുണർത്തണം എഴുന്നേൽക്കാൻ. കൂർക്കം വലിക്കുന്നത് കണ്ടപ്പോൾ വേണ്ടെന്നു വെച്ചു. ദൂരെ നിന്ന് ഒരു ചരക്കു വണ്ടിയുടെ നേർത്ത ശബ്ദം കനപ്പെട്ടു വരുന്ന പോലെ. റെയിൽ പാളത്തിനടിയിലെ സ്ലീപ്പറിനെ പോലെയാണ് ഇപ്പോൾ തൻെറ കിടപ്പെന്ന് അയാൾക്ക് തോന്നി. ◆

## കവിത

**എ.കെ. മോഹനൻ**

### 1) വിജനത

കവിത ചൊല്ലിക്കഴിഞ്ഞു
ശൂന്യമായ് സഭാതലം
എങ്ങുപോകുമെന്നറിയാതെ
നിൽക്കും
കവിയെ കൊണ്ടുപോയി
കുഴിച്ചിട്ടെഴുന്നേറ്റു
വിയർപ്പൊപ്പുന്നു വിജനത.

### 2) ചെമ്പരത്തി

ഇന്നുമീ ചില്ലയിൽ
പൂത്തുനിൽക്കുന്നു
നീ കാണാതെ
പോകുമീ ചെമ്പരത്തി
നാളെയും പൂക്കും
തളിർക്കുമീ ചില്ലയിൽ
കാണാതെയറിയാതെ
നീ അന്നും പോകും.

### 3) അറിയരുത്

പാറപൊട്ടിക്കുന്ന
ഇടങ്ങളിൽ പോകരുത്
പാറക്കൂട്ടങ്ങൾ അലറിവരും
മണ്ണിടിക്കുന്നത്
കണ്ടുനിൽക്കരുത്
കണ്ണുകൾ മൂടിപ്പോവും
മണലൂറ്റുന്നത് അറിയരുത്
ടിപ്പർ വീട്ടിലേക്ക് ഇരച്ചുവരും
മരം മുറിക്കുന്നത് പറയരുത്
പുര തകർന്നുപോകും.

### 4) നക്ഷത്രങ്ങൾ

ഓരോ
തുള്ളി
ചോരയിൽ നിന്നും
ഉയർന്നുവന്ന നക്ഷത്രങ്ങൾ
ആകാശങ്ങളിൽ
പറ്റിപ്പിടിച്ച്
ഇപ്പോൾ
സ്വർണശോഭ തൂകിക്കൊണ്ടിരിക്കുന്നു.

### 5) വെളിച്ചത്തിൻെറ കുഞ്ഞുകണ്ണുകൾക്ക് ഒരു വെടിയുണ്ട

എല്ലാ കസേരകളും
ഒഴിഞ്ഞിരിക്കുന്നു
വിജനത
അതിൻെറ വ്യാപ്തി
വർധിപ്പിച്ചുകൊണ്ടിരിക്കുന്നു
കറുത്തതുണിചുറ്റിയ പകൽ
തെരുവു നിറയെ
ആരോ ഉറഞ്ഞാടിയ ചോരത്തുള്ളികൾ
പറ്റിപ്പിടിച്ചുകിടക്കുന്നു
വാൽചുരുട്ടി
മണത്തുമണത്തു പോകുന്ന
ഒരു നായ
അടഞ്ഞുകിടക്കുന്ന
വാതിലിൻെറ
വിള്ളലുകൾക്കിടയിലൂടെ
പാളിനോക്കുന്ന
വെളിച്ചത്തിൻെറ
കുഞ്ഞുകണ്ണുകൾ
ഒരു വെടിയുണ്ട
കാത് തുളയ്ക്കുന്നു.


## വായന

**അബ്ദുൽ വാഹിദ് തവളേങ്ങൽ**

# കഠിനകാലത്തിൻെറ കഥയാഖ്യാനങ്ങൾ

1921 മലബാർ സമരത്തിൻെറ ഗൗരവം വിളംബരം ചെയ്യുന്ന നോവലാണ് ഈ വർഷത്തെ പൂർണ-ഉറൂബ് നോവൽ അവാർഡ് നേടിയ റഹ്മാൻ കിടങ്ങയത്തിൻെറ ‘അന്നിരുപത്തൊന്നില്’. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിനെതിരെ നടന്ന പ്രധാന സമരങ്ങളിൽ ഒന്നായ 1921ലെ മലബാർ സമരം ഇതിനകംതന്നെ ഒട്ടനേകം ചർച്ചകൾക്കു വിധേയമായിട്ടുണ്ട്. ചരിത്രപരമായി വ്യത്യസ്ത വിശകലനങ്ങൾക്ക് വിധേയമായതോടൊപ്പം സിനിമയായും കഥയായും കവിതയായും നാടകമായും അത് പ്രമേയവത്കരിക്കപ്പെട്ടു. അങ്ങനെ പലനിലയിൽ വ്യവഹരിക്കപ്പെട്ട മലബാർ സമരത്തെക്കുറിച്ച് ഒടുവിലുണ്ടായ രചനയാണ് ‘അന്നിരുപത്തൊന്നില്’ എന്ന നോവൽ. ഭാഷകൊണ്ടും ആഖ്യാനംകൊണ്ടും വ്യത്യസ്തത പുലർത്തുന്ന ഈ കൃതി, ചരിത്രാഖ്യാനം പോലത്തെ ഒരു വ്യവഹാരത്തെ, അതും സങ്കീർണമായ ഒരു സമരചരിത്രത്തെ, നോവൽ എന്ന പ്രക്രിയയിൽ കൈകാര്യം ചെയ്യുമ്പോൾ കാണിക്കേണ്ട സൂക്ഷ്മതകളെല്ലാം കാണിച്ചിട്ടുണ്ട് എന്നു പറയാം. പൂക്കോട്ടൂരും പാണ്ടിക്കാടും തിരൂരങ്ങാടിയിലും ബ്രിട്ടീഷ്പട്ടാളം സമാനതകളില്ലാത്ത ക്രൂരതകൾ അഴിച്ചുവിട്ടതിൻെറ ഓർമകൾക്ക് ഒരു നൂറ്റാണ്ടു തികയുമ്പോഴാണ് ഇത്തരം ഒരു നോവൽ വായനക്കാരൻെറ കൈയിലെത്തുന്നത്. വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെന്ന സമരനായകനെ ചതിയിൽ കുടുക്കാൻ മലബാറിലെ അന്നത്തെ കലക്ടറായിരുന്ന മിസ്റ്റർ തോമസും ഡി.എസ്. പി. ഹിച്ച്കോക്കും ചേർന്നു നടത്തുന്ന ഗൂഢാലോചനയെക്കുറിച്ച്, പട്ടാളം ഹൈദ്രു എന്നു വിളിക്കുന്ന ഒസ്സാൻ ഹൈദ്രുവും നായിക് താമിയും തമ്മിൽ സംസാരിക്കുന്നിടത്താണ് നോവലിൻെറ ആരംഭം. ബ്രിട്ടീഷുകാരുടെ മലബാറിലേക്കുള്ള കടന്നുവരവും അവരെ സഹായിക്കാൻ നാട്ടുപ്രമാണിമാരും ജന്മിമാരും, മറുഭാഗത്ത് കുടിയാന്മാരും മാപ്പിളമാരും, ബ്രിട്ടീഷ് ഗൂർഖാ പട്ടാളത്തിൻെറ ക്രൂരതകൾക്ക് ഇരയാവുന്ന മലബാർ, ദേശീയപ്രസ്ഥാനമായ കോൺഗ്രസിൻെറ കൈയൊഴിയൽ, മലബാർസമരത്തിൽ മാപ്പിളമാരെ അനുകൂലിച്ചും ഉപദേശിച്ചും എം.പി. നാരായണമേനോൻ നടത്തുന്ന ആത്മാർഥ ശ്രമങ്ങൾ തുടങ്ങിയ മുഹൂർത്തങ്ങൾ നോവൽ കൃത്യതയോടെ അവതരിപ്പിക്കുന്നു. ജന്മിപ്രഭുക്കന്മാരുടെ അരുതായ്മകളും ജനകീയസമരത്തിൻെറ മറവിൽ ചില സാമൂഹികദ്രോഹികൾ നടത്തിയ കൊള്ളയും കൊലയും ആക്രമണങ്ങളും മറ്റും പക്ഷംചേരാതെ വരച്ചുകാട്ടുന്നുണ്ട് നോവലിസ്റ്റ്. ചരിത്രത്തിൽ തുല്യതയില്ലാത്ത ബ്രിട്ടീഷ് ക്രൂരതകളെ ഒട്ടും ലളിതവത്കരിക്കാതെ അതിൻെറ ഗൗരവത്തിൽതന്നെ നോവൽ അവതരിപ്പിക്കുന്നു. ഒരു ജനതയും ഒരു ദേശവും പിന്നിട്ട വഴികൾ അതിൽ തെളിഞ്ഞുവരുന്നു.

ആലി മുസ്ലിയാരും എം.പി. നാരായണമേനോനും കട്ടിലശ്ശേരി മുഹമ്മദ് മൗലവിയും വാരിയംകുന്നത്ത് കുഞ്ഞഹമ്മദാജിയും മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടും ഒസ്സാൻ ഹൈദ്രുവും പട്ടാളം താമിയും കോമുട്ടിയും കുഞ്ഞിക്കാരിയും ലവക്കുട്ടിയും കുഞ്ഞലവിയും ചെമ്പ്രശ്ശേരി തങ്ങളും എല്ലാം നിറഞ്ഞുനിൽക്കുന്ന നോവലിലെ 46 അധ്യായങ്ങളും ഉദ്വേഗത്തോടെയല്ലാതെ വായിച്ചുപോകാൻ നമുക്കാവില്ല. വിദേശ ഭരണവും ജന്മിത്തമേൽക്കോയ്മയും ഒത്തുചേർന്ന് ഒരു സമൂഹത്തോട് ചെയ്ത കൊടുംക്രൂരതയുടെയും മാപ്പർഹിക്കാത്ത ചതികളുടെയും കഥ വായനക്കാരെ ഒരേ സമയം ഞെട്ടിക്കുകയും വേദനിപ്പിക്കുകയും ചെയ്യും.



**അന്നിരുപത്തൊന്നില് (നോവൽ)**
റഹ്മാൻ കിടങ്ങയം
പേജ്: 488, വില: 535.00, പൂർണ പബ്ലിക്കേഷൻസ്

1921ലെ മലബാർ സമരനായകരായ ആലി മുസ്ലിയാരെയും വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെയും കഥാപാത്രമാക്കി ഒട്ടേറെ രചനകൾ ഇതിനു മുമ്പേതന്നെ നിർവഹിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, മലബാർസമരത്തിൽ ദൃശ്യപ്പെടാതെപോയ ഒരു വിഭാഗമാണ് സ്ത്രീകൾ. ചരിത്രം എല്ലായ്പോഴും പുരുഷൻെറ മാത്രമായി സങ്കുചിതപ്പെട്ടുപോവുമല്ലോ. ഏതു പ്രതിസന്ധികളിലും യുദ്ധങ്ങളിലും ഏറെ സഹിച്ചിരിക്കുക സ്ത്രീകളായിരിക്കുമെങ്കിലും ആ ദുരിതങ്ങൾ രേഖപ്പെടാതെ പോവുകയാണ് പതിവ്. ഈ നോവൽ ആ അപൂർണത പരിഹരിക്കുന്നുണ്ട്. പൂഴിക്കൽ തറവാട്ടിലെ ഊലിക്കുട്ടിയും വെള്ളപ്പട്ടാളത്തിനോടെതിരിടാൻ പോകുന്ന പ്രിയപ്പെട്ടവർക്ക് ആവേശം പകർന്നുകൊണ്ട് മൗലിദ് കഴിച്ചുകൊണ്ടിരുന്ന പെൺജനതയും അധിനിവേശവിരുദ്ധചിന്തയുള്ള വല്ലിമ്മമാരും ശഹീദിനെ പ്രസവിച്ച വയറുകൾക്കുനേരെ ദൈവത്തിൻെറ കരുണാകടാക്ഷമുണ്ടാകുമെന്നു വിശ്വസിക്കുന്ന ഉമ്മമാരും നോവലിൽ പ്രധാനമായും സ്ഥാനംപിടിച്ചിരിക്കുന്നു. പൂക്കോട്ടൂർ യുദ്ധത്തിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വരിച്ച കുഞ്ഞാമി ചരിത്രത്തിലെ സ്ത്രീ പോരാളികളുടെ ശക്തമായ പ്രതിനിധാനമായി മാറുന്നുണ്ട്. ഗൂർഖാപട്ടാളം ബയണറ്റുകൊണ്ട് കുത്തിക്കീറിയിട്ട അഞ്ചു വയസ്സുകാരിയായ മകളുടെ ശരീരത്തെ ഒറ്റക്ക് കുഴികുത്തി മറവ് ചെയ്യുന്ന ബീവി എന്ന വീട്ടമ്മയിലൂടെ കലാപകാലത്ത് ദുരിതമനുഭവിച്ച സ്ത്രീജനങ്ങളുടെ വേദനിപ്പിക്കുന്ന ചിത്രം നോവലിസ്റ്റ് നമുക്കു കാണിച്ചുതരുന്നു. ചരിത്രത്തോടൊപ്പം ഒരു നൂറ്റാണ്ടുമുമ്പ് മലബാർ പ്രദേശത്തു ജീവിച്ചിരുന്ന മാപ്പിളമാരുടെ വിവിധ സാംസ്കാരിക ധാരകളും ഈ നോവലിൽ ഒഴുകിനടക്കുന്നു. മലബാറിലെ മാപ്പിള വിശ്വാസങ്ങളെയും പാരമ്പര്യത്തെയും കാര്യമായി എടുത്ത് ഉപയോഗിച്ചിട്ടുണ്ട് നോവലിൽ. നേർച്ചകളും കൊളോണിയൽ കാലത്തെ മാപ്പിളമാരുടെ പ്രധാന സർഗാത്മക സംഭവനകളായ മാപ്പിളപ്പാട്ടുകളും നോവലിൽ പലയിടത്തായി കാണാം.

“എതിർത്തുടൻ കടുകൊടുമയിൽ അവർ
ഇരിവരും പൊരുതാനെ ഹര ഹര
എകത്തിനാൽ ഇറൈ പുലി അവനോട്
കടുകുറയാതെ നിലായാനെ
നിലക്കലാൽ അവർ -തിരക്കലാൽ അവൻ
ഒഴിക്കലായ് ഖിൽഫ് -അകത്തിലെ നടൈ
ഇരിവരി സഫ്ഫിന്നിട നടുവിലെ
ബരവായ് ചമർ ചൊടിയായ്
കുരുടൻ അസ്വദരുടെ ഇരുനവ ഖഡ്ഗങ്ങളും മുറിയായ് ”

എന്നിങ്ങനെ മോയിൻകുട്ടി വൈദ്യരുടെ ബദർ പടപ്പാട്ടും സമരാവേശത്തിനു ശക്തി പകർന്നിരുന്നു എന്ന് സമർഥിക്കുന്നു നോവലിസ്റ്റ്. സമരകാലത്ത് ചാരന്മാരിൽനിന്ന് വസ്തുതകൾ മറച്ചുവെക്കാൻ മാപ്പിളമാർ വികസിപ്പിച്ചെടുത്ത ‘മൈഗുരുഡ്’ എന്ന ഗൂഢഭാഷ നോവലിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഒരുപക്ഷേ, ഒരു നൂറ്റാണ്ടുമുമ്പ് രൂപപ്പെട്ട മൈഗുരുഡിനെ പരിചയപ്പെടുത്തുന്ന മലയാളത്തിലെ ആദ്യത്തെ നോവലും ഇതുതന്നെയാവാം.

ബ്രിട്ടീഷ് നരനായാട്ടിൻെറ ക്രൂരതനിറഞ്ഞ മുഖമായിരുന്നു തിരൂരിൽനിന്നു ഗുഡ്സ് വാഗണിൽ സമരക്കാരെ തടവിലാക്കി ബെല്ലാരിയിലേക്ക് കയറ്റിയയച്ചത്. 45 പേർക്കിരിക്കാവുന്ന വാഗണിൽ നൂറുപേരെ കുത്തിനിറച്ചതു കാരണം, ശ്വാസംകിട്ടാതെ പിടഞ്ഞുമരിച്ച 70 തടവുകാരെയും മലബാർ സമരത്തിലെ ഏറ്റവും ക്രൂരമായ അധ്യായമായി അതിൻെറ തീവ്രതയിൽതന്നെ എഴുത്തുകാരൻ സമീപിക്കുന്നത് കാണാം. മനുഷ്യന് കന്നുകാലികളുടെ വിലപോലും കൽപിക്കാതെ നടത്തിയ നരനായാട്ടിൻെറ നേർചിത്രം ഇങ്ങനെ പല അധ്യായങ്ങളിലായി പരന്നുകിടക്കുന്നുണ്ട് ഈ നോവലിൽ.

അധികാരമുള്ളവനും ധനമുള്ളവനും അതില്ലാത്ത സാധുജന്മങ്ങളുടെ മേൽ നടത്തിയ അധിനിവേശങ്ങളുടെ ക്രൂരചിത്രങ്ങൾ. ചരിത്രത്തെ നോവലാക്കി മാറ്റുക ആയാസരഹിതമായ ഒരു പ്രക്രിയയല്ല. അതിസൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട ഒന്നാണ് അത്. പരമാവധി സത്യസന്ധതയോടെ നോവലിസ്റ്റ് അത് നിർവഹിച്ചിട്ടുണ്ട്. ◆

## കൂലങ്കഷം

വരി: **മെഹദ് മഖ്ബൂൽ** വര: **യാസിർ മുഹമ്മദ്**




*ലോക്ഡൗൺ പ്രഖ്യാപിച്ചു,*
*ശേഷമവർ റൂട്ട് മാപ്പ് തയാറാക്കി.*
*അവരുടെ ലാബിൽനിന്ന്*
*പരിശോധന ഫലവും വന്നു;*
*കുറെ പേർക്കുണ്ട്, യു.എ.പി.എ പോസറ്റിവ് !*

## പുസ്തകം




**എത്രയെത്ര പ്രേരണകൾ (ലേഖനം)**
എസ്. ശാരദക്കുട്ടി
പേജ്: 398, വില: 450.00
മാതൃഭൂമി ബുക്സ്

പല കാലങ്ങളിലായി എഴുതിയ സാഹിത്യ വായനകളുടെ സമാഹാരം. ഓർമകളും വിചാരങ്ങളും നിരീക്ഷണങ്ങളും ഇടകലർത്തി എഴുതിയ ലേഖനങ്ങൾ.



**പുറത്താക്കപ്പെട്ടവരുടെ പുസ്തകം (നോവൽ)**
പ്രേമൻ ഇല്ലത്ത്
പേജ്: 176, വില: 175.00
കറൻറ് ബുക്സ്, തൃശൂർ

അധിനിവേശ ശക്തികളാൽ സ്വന്തം രാജ്യം അപഹരിക്കപ്പെട്ട ഫലസ്തീൻ ജനതയുടെ ചോരയും കണ്ണീരും നിറഞ്ഞ ജീവിതം പറയുന്ന നോവൽ.




**എരുക്കു ചെടികൾ (കഥ)**
പെരുമാൾ മുരുകൻ
വിവ: ഇടമൺ രാജൻ
പേജ്: 117, വില: 130.00
ഐവറി ബുക്സ്

തമിഴ് ജീവിതത്തെയും സംസ്കാരത്തെയും തന്മയത്വത്തോടെ ചിത്രീകരിക്കുന്ന കഥകൾ. എരുക്കു ചെടികൾ, പ്രതിഫലം തുടങ്ങി 14 കഥകൾ.




**തേനുറുമ്പിനെ തേനീച്ചയാക്കാം (സെൽഫ് ഹെൽപ്പ്)**
എം.പി. ലിപിൻ രാജ്
പേജ്: 104, വില: 140.00
ആസ്പയർ, മാതൃഭൂമി

സിവിൽ സർവിസ് ഉദ്യോഗസ്ഥനായ ലിപിൻ രാജിൻെറ വ്യക്തിത്വവികസന നേതൃത്വപാഠങ്ങൾ. ജീവിതത്തെ കൃത്യമായി രൂപവത്കരിക്കാനുള്ള വഴികൾ.




**നിഷീദ (നോവൽ)**
ഡോ. ഷാജു നെല്ലായി
പേജ്: 372, വില: 400.00
പൂർണ പബ്ലിക്കേഷൻസ്

രാക്ഷസകുലജാതനായ ഏകലവ്യൻ പ്രധാന കഥാപാത്രമാകുന്നു. മഹാഭാരതമെന്ന ഇതിഹാസത്തിൻെറ വിമർശനാത്മകമായ സൂക്ഷ്മവായന.




**കാരശ്ശേരിയിലെ കിസ്സകൾ (ഓർമ)**
എം.എൻ. കാരശ്ശേരി
പേജ്: 80, വില: 110.00
മാതൃഭൂമി ബുക്സ്

കുട്ടിക്കാലത്തു കണ്ട നാടിൻെറയും വീടിൻെറയും സ്മരണകൾ. മലബാറിലെ ഗ്രാമീണ ജീവിതത്തിൻെറ ആവിഷ്കാരം കൂടിയാണിത്.



**പിന്നെയും ചുവക്കുന്ന കബനി (നോവൽ)**
മജീദ് മൂത്തേടത്ത്
പേജ്: 276, വില: 300.00
പൂർണ പബ്ലിക്കേഷൻസ്

നക്സൽ കലാപം പശ്ചാത്തലമാകുന്ന നോവൽ. തീവ്ര ഇടതുപക്ഷ രാഷ്ട്രീയത്തിൻെറ ചെന്നിറം പൂത്ത കനവുകളിലൂടെ ഒരു യാത്രയാണിത്.



**മരണരചന (നോവൽ)**
രാകേഷ് നാഥ്
പേജ്: 196, വില: 220.00
പൂർണ പബ്ലിക്കേഷൻസ്

ഫന എന്ന നോവലിസ്റ്റിൻെറ ജീവിതമാണ് പ്രമേയം. ഫന ‘അയാൾ’ എന്ന മറ്റൊരു കഥാപാത്രത്തെ സൃഷ്ടിക്കുന്നു.

madhyamam HOT SPOT

Celeb ടോക്ക്

# STANDUP WITH SAIKIRAN

**എം. ഷിയാസ്**

‘എനിക്കെൻെറ അമ്മയെ ഇഷ്ടമാണ്. അവർ വളരെ നല്ലതാണ്. അവരൊരു ‘ഗ്രേറ്റ് മദർ’ ആണെന്ന് ഞാൻ എല്ലായിടത്തും പറയാറുണ്ട്. പക്ഷേ, അമ്മക്ക് അതുകൊണ്ട് ഒട്ടുമേയില്ല തൃപ്തി. അവർ പറയുന്നു, നീയെന്നെ ‘ഗുഡ് മദറോ’ ‘ഗ്രേറ്റ് മദറോ’ ഒന്നും ആക്കണ്ട, എന്നെയൊന്ന് ‘ഗ്രാൻഡ് മദറാ’ക്കൂവെന്ന്...’- ‘ഡാർക് സ്കിൻ ആൻഡ് ഗെറ്റിങ് മാരീഡ്’ എന്ന നിന്ന നിൽപിലെ തമാശ പ്രകടനത്തിൽ സായ് കിരൺ പറയുന്നു. കളർ ഇത്തിരി കറുത്തതുകൊണ്ട് കല്യാണം കഴിക്കാൻ പെണ്ണ് കിട്ടാത്ത യുവാവിൻെറ എടങ്ങേറുകളാണ് ഈ ഹൈദരാബാദുകാരൻ അവതരിപ്പിക്കുന്നത്. വാട്സ്ആപ്പിൽ നമ്മളെല്ലാം കണ്ടിട്ടുണ്ട് സായ്കിരണിൻെറ സ്റ്റാൻഡപ് കോമഡി. തൊലി കറുത്തതിൻെറ പേരിൽ നേരിട്ട അവഹേളനവും ജീവിതപ്രശ്നങ്ങളും സരസമായി അവതരിപ്പിക്കുന്ന യുവാവിൻെറ പ്രകടനം.

## സ്റ്റാൻഡപ് കോമഡിക്കാലം

ഇത് സ്റ്റാൻഡപ് കോമഡിയുടെ കാലം. ഒരുമൈക്കിന് മുന്നിൽ ഒറ്റക്കു നിന്ന് പറയുന്ന അഡാറ് കോമഡി. കൊച്ചുകൊച്ച് വാക്കുകളിൽ എളുപ്പം മനസ്സിലാകുന്ന പദങ്ങളിൽ തമാശയും അതിലൂടെ ചില വലിയ സത്യങ്ങളും പറയുക. മുന്നിൽ കൂടുന്നവരെ കണ്ണ് നിറയെ ചിരിപ്പിക്കുക. എന്നാൽ, സായ് കിരൺ കോമഡി വേർഷനിൽ അശേഷമില്ല, അശ്ലീലവും വേണ്ടാതീനവും. തനി വെജിറ്റേറിയൻ കോമഡി മാത്രം.

## ഇതുകേൾക്കൂ...

“നമ്മുടെ രാജ്യത്ത് ജനം കറുത്ത നിറക്കാരെ അത്ര ഇഷ്ടപ്പെടില്ല. മറ്റുള്ളവരുടെ കാര്യം വിട്ടേക്കൂ. നമ്മുടെ മാതാപിതാക്കൾ പോലും അങ്ങനെ തന്നെ. ആശുപത്രിയിൽ ഞാൻ പിറന്ന് അവരെന്നെ ആദ്യമായി കണ്ടപ്പോൾ ഉണ്ടായ പ്രതികരണം ഇങ്ങനെയായിരുന്നു. “അയ്യോ.” ഉച്ചത്തിൽ അവരുടെ ഈ ശബ്ദം കേട്ട് ആശുപത്രിയിലെ പകുതിപ്പേരും കരുതി, അവർക്ക് പിറന്നത് ഒരു പെൺകുട്ടിയാകുമെന്ന്” -ചിരിയുടെ മാലപ്പടക്കം പൊട്ടിച്ച് സായ് കിരൺ പറയുന്നു.



• സായ്കിരൺ ഷോക്കിടെ

ഇത്രയും കേട്ടപ്പോൾ ഫേസ്ബുക്ക് മെസഞ്ചറിൽ സായ് കിരണിനോട് ചോദിച്ചു, ഈ പറയുന്നതൊക്കെ ആത്മകഥാംശമുള്ളതാണോയെന്ന്. ഒട്ടും വൈകാതെയെത്തി മറുപടി.

**ഹോട്സ്പോട്ടുമായി സായ് കിരൺ സംസാരിക്കുന്നു...**

“എൻെറ കോമഡി കൂടുതലും ആത്മകഥാപരം തന്നെ. പക്ഷേ, കുറച്ച് അതിശയോക്തിയും കലർത്തുന്നുണ്ട്. മുന്നിലുള്ളവരെ രസിപ്പിക്കുകയാണ് ലക്ഷ്യം.”

**ബാല്യകാലത്ത്, കറുത്ത നിറത്തിൻെറ പേരിൽ കളിയാക്കപ്പെട്ടിട്ടുണ്ടോ?**

• തീർച്ചയായും കളിയാക്കപ്പെട്ടിട്ടുണ്ട്. ഇരുണ്ട നിറമുള്ള, രാജ്യത്തെ മിക്കവാറും പേർക്ക് അനുഭവപ്പെട്ടിട്ടുള്ളതുപോലെതന്നെ. പക്ഷേ, അതെപ്പോഴും ക്ഷുദ്രകരമായൊന്നുമല്ല. നിങ്ങൾതന്നെ നിങ്ങളുടെ നിറത്തെ പലപ്പോഴും കളിയാക്കിയിട്ടുണ്ടാകും. കാരണം, അതു നമ്മുടെ സംസ്കാരത്തിൽതന്നെ വേരൂന്നിയതാണ്.

**ഇത്ര പോസിറ്റിവ് ഊർജം കാഴ്ചക്കാരിൽ പകരുന്നതിൻെറ പിന്നിൽ എന്താണ്?**

• പോസിറ്റിവ് ഊർജമാണോ ഞാൻ പകരുന്നത് എന്നതിൽ എനിക്ക് ഉറപ്പൊന്നുമില്ല. പക്ഷേ, ചിരിക്കുന്നത് മനുഷ്യരെ കൂടുതൽ നല്ലതാക്കി തീർക്കും. അത്രേയുള്ളൂ. അതോടൊപ്പം ഞാൻ എന്നെത്തന്നെ കളിയാക്കുന്നത് അവർ ആസ്വദിക്കുന്നുമുണ്ട്.

**എങ്ങനെയാണ് സ്റ്റാൻഡപ് കോമഡിയിലേക്ക് വരുന്നത്?**

• 2014 ജനുവരി രണ്ടിന് ഹൈദരാബാദിൽ നടന്ന ഓപൺ മൈക് കോൺടസ്റ്റിൽ പങ്കെടുത്താണ് തുടക്കം. ആ മത്സരത്തിൽ വിജയിച്ചു. അതുമുതൽ സ്റ്റാൻഡപ് കോമഡി ചെയ്യുന്നു. രാജ്യത്തെ മികച്ച കോമഡി താരങ്ങൾ ഹൈദരാബാദിൽ എത്തുമ്പോൾ അവരെ സ്റ്റേജിലേക്ക് നയിക്കുന്ന പ്രകടനങ്ങൾ ചെയ്തിരുന്നു. പിന്നീട് ബംഗളൂരുവിലും മുംബൈയിലും ലൈനപ് ഷോകളുടെ ഭാഗമായി.

**ആദ്യ സോളോ ഷോ എങ്ങനെ?**

• 2018 മാർച്ച് 18നാണ് ‘പ്യുവർ വെജ് ഷോ’ എന്ന സോളോ തുടങ്ങിയത്. 2019 ഫെബ്രുവരി 11ന് ‘ഡാർക് സ്കിൻ ആൻഡ് ഗെറ്റിങ് മാരീഡ്’ വിഡിയോ റിലീസ് ചെയ്തു. അത് ഇന്ത്യയിലെ ഏറ്റവും വൈറലായ ഇംഗ്ലീഷ് സ്റ്റാൻഡ്അപ് കോമഡി വിഡിയോ ആയി മാറി. യൂട്യൂബിൽ അത് ഒരു കോടി ഇരുപത് ലക്ഷം പേർ ഇതുവരെ കണ്ടു. പിന്നീട് രാജ്യമെമ്പാടും കോമഡി ഷോയുമായി ചുറ്റുന്നു. കോവിഡ് പ്രശ്നം വന്നതോടെ അടുത്തിടെ പലതും റദ്ദാക്കി.

**കേരളത്തിൽ വന്നത്?**

• കഴിഞ്ഞ വർഷം ഒക്ടോബറിൽ കോട്ടയം, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ‘പ്യൂയർ വെജ് ജോക്സ്’ ഷോ ചെയ്തു. കൊച്ചി കോമഡി ലോഞ്ചിലെ വിനയ് മേനോൻ, ശബരീഷ് എന്നിവർക്ക് ഒപ്പമായിരുന്നു.


• സായ്കിരൺ

**അടുത്ത പരിപാടികൾ എന്തൊക്കെ?**

• കൊറോണ പ്രതിസന്ധി മാറിയാൽ ഉടൻ ‘നിയർലി നൈസ് ഗൈ’ എന്ന അടുത്ത പ്രകടനം തുടങ്ങും. ജനജീവിതം സാധാരണമാകാൻ പ്രതീക്ഷയോടെ കാത്തിരിക്കുന്നു. അതുവരെ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, സൂം എന്നിവയിലൂടെ വിഡിയോകളും ഇൻററാക്ടിവ് ഷോയും തുടരുന്നുണ്ട്. ◆

let's watch

youtube.com/Murikootti

# ജീവിതം മുഴുക്കെ ‘ക്വാറൻറീനി’ലാണ്

“ ലോക് ഡൗണും ഭിന്നശേഷിക്കാരുടെ ജീവിതവും ബന്ധപ്പെടുത്തി ഹ്രസ്വചിത്രം




**സമൂർ നൈസാൻ**

“കുറച്ച് ദിവസം വീട്ടിൽ മാത്രം ഇരിക്കാൻ പറഞ്ഞപ്പോൾ വലിയ പ്രയാസമായല്ലേ. ജീവിതകാലം മുഴുവനും ക്വാറൻറീനിൽ കഴിയുന്ന കുറച്ചു പേരുണ്ട്. അവരെപ്പറ്റി നിങ്ങൾക്കറിയുമോ. എന്നെപ്പോലെ ലക്ഷക്കണക്കിന് കുട്ടികളും മുതിർന്നവരും. വീടിൻെറ നാലു ചുവരിൻെറ ഉള്ളിൽ കഴിച്ചുകൂട്ടുന്ന നമ്മുടെ മാനസികാവസ്ഥ നിങ്ങൾക്കറിയോ? ഞങ്ങൾക്കൊന്നും സ്വപ്നങ്ങൾ ഇല്ലെന്നാണോ നിങ്ങളുടെ വിചാരം”- മലപ്പുറം പുളിക്കൽ സ്വദേശി മുഹമ്മദ് ഇഖ്ബാൽ രചനയും സംവിധാനവും നിർവഹിച്ച ‘മുറികൂട്ടി’ ഹ്രസ്വചിത്രത്തിലെ ഭിന്നശേഷിക്കാരനായ വിദ്യാർഥി വീൽചെയറിലിരുന്ന് നാട്ടുകാരോട് പറയുന്ന വാക്കുകളാണിത്.

കോവിഡിനെ തുരത്താൻ കുറച്ച് ദിവസങ്ങൾ വീട്ടിലിരിക്കാൻ പറഞ്ഞപ്പോൾ പുറത്തിറങ്ങാൻ തിടുക്കം കൂട്ടുന്നവരോട് ജീവിതകാലം മുഴുവൻ പുറത്തിറങ്ങാൻ കഴിയാത്തവരുടെ അനുഭവങ്ങൾ തുറന്നുകാട്ടുകയാണ് ഈ ഹ്രസ്വചിത്രം. ചിത്രത്തിലെ മുഖ്യ കഥാപാത്രമായി അഭിനയിച്ച ഭിന്നശേഷിക്കാരനായ തൻെറ മകൻെറ ജീവിതമാണ് ലോക്ഡൗണുമായി ചേർത്ത് സംവിധായകൻ അവതരിപ്പിച്ചത്.

വീടിനകത്ത് മരവിച്ച മനസ്സുമായി കിടക്കാൻ വിധിക്കപ്പെട്ട ഒരുപാട് കുട്ടികളുടെ ജീവിതം പറയുന്നുണ്ട് ഈ ഹ്രസ്വചിത്രം. ലോക്ഡൗൺ കാലത്ത് പുറത്തിറങ്ങി കറങ്ങാൻ വെമ്പൽ കൊള്ളുന്ന ഒരു കൂട്ടം ആളുകളെയാണ് ചിത്രത്തിൻെറ തുടക്കത്തിൽ അവതരിപ്പിക്കുന്നത്. ഇതിനിടയിൽ പൊലീസിൻെറ അടിയും കിട്ടി വീട്ടിലേക്ക് ഓടിവരുന്ന നാട്ടുകാരോട് ഭിന്നശേഷിക്കാരനായ കുട്ടി പറയുന്ന മനസ്സിൽ തട്ടുന്ന വാക്കുകളാണ് ചിത്രത്തെ അർഥവത്താക്കുന്നത്. കോവിഡിനെ ചെറുക്കാൻ പൊരിവെയിലത്ത് ജോലിചെയ്യുന്ന പൊലീസുകാരെ പറ്റിയും കുടുംബത്തെ വിട്ട് ഒരു മാസത്തോളമായി ആശുപത്രികളിൽ മല്ലിടുന്ന ആരോഗ്യ പ്രവർത്തകരെ പറ്റിയും ചിന്തിക്കണമെന്നും അവരെല്ലാം കഷ്ടപ്പെടുന്നത് നാടിനുവേണ്ടിയാണെന്നും ചിത്രം ഓർമപ്പെടുത്തുന്നു. വീട്ടിലെ മുറികൂട്ടി ചെടി കാണിച്ച് നമ്മളെല്ലാവരും ലോകത്തിൻെറ മുറിവുണക്കാൻ പറ്റുന്ന ഓരോ മുറികൂട്ടി ചെടിയാവണമെന്നു പറഞ്ഞാണ് ചിത്രം അവസാനിക്കുന്നത്.

ചിത്രത്തിലെ പ്രധാന കഥാപാത്രമായി എത്തിയത് കോഴിക്കോട് ജെ.ഡി.ടി ഇസ്ലാം ഹൈസ്കൂൾ വിദ്യാർഥി അമൽ ഇഖ്ബാലാണ്. ആയുഷ്കാലം മുഴുവൻ വീട്ടിൽ അടച്ചു പൂട്ടി ഇരിക്കാൻ വിധിക്കപ്പെട്ടവരുടെ അവസ്ഥ ഈ കോവിഡ് കാലത്ത് ജനങ്ങളോടൊന്ന് പറയണമെന്നത് അമലിൻെറ ആഗ്രഹമായിരുന്നു. അതിജീവനത്തിൻെറ ഒരായിരം വഴികളുണ്ടെന്നു പറയാതെ പറയുന്ന സ്നേഹസന്ദേശമാണ് ഈ ചിത്രം. കഴിഞ്ഞ വർഷം മസ്കത്തിൽ നടന്ന അന്താരാഷ്ട്ര യു.എൻ മോഡൽ അസംബ്ലിയിൽ ഔട്ട്സ്റ്റാൻഡിങ് ഡിപ്ലോമസി അവാർഡ് നേടിയ വിദ്യാർഥിയാണ് അമൽ. ചിത്രത്തിൽ അമലിനൊപ്പം സ്വന്തം നാട്ടുകാരായ അർഷദ് കുണ്ടേരി, പി.എൻ. മുജീബ് റഹ്മാൻ, എൻ. സുലൈമാൻ, പി.എൻ. ഫൈസൽ, ഷരീഫ് ചെറിയമ്പാടൻ, എം. ഫൈസൽ ബന്ന, കെ. മുഹമ്മദ് കുട്ടി, സഹദ് എന്നിവരും മറ്റു കഥാപാത്രങ്ങളെ അവതരിപ്പിച്ചു. കോവിഡ് കാലത്തെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് ഹ്രസ്വചിത്രം നിർമിച്ചിരിക്കുന്നത്. ‘അമൽ ഇൻ സ്പയേഴ്സ്’ എന്ന യൂട്യൂബ് ചാനൽ വഴിയാണ് ചിത്രം റിലീസ് ചെയ്തത്. ◆

# മിണ്ടാപ്പയ്യനിൽ നിന്ന് കോർപറേറ്റ് ട്രെയിനറിലേക്ക്

സംസാരവൈകല്യംകൊണ്ട് ഒരു നബിദിന വേദിയിൽപോലും കയറാൻ പറ്റാതായിപ്പോയ ബാല്യം. ഓരോ വാക്ക് ഉച്ചരിക്കുമ്പോഴും ചുറ്റുമുള്ളവർ കൂടിയിരുന്ന് കളിയാക്കുന്നതു കണ്ട് ഉമ്മയും വാപ്പയും കണ്ണീരണിഞ്ഞ കാലം. ഇന്ന് അറിയപ്പെടുന്ന കോർപറേറ്റ് ട്രെയിനറും സെലിബ്രിറ്റി സൈക്കോ തെറപ്പിസ്റ്റുമായി തിളങ്ങുമ്പോൾ ഷാജഹാൻ അബൂബക്കർ പറയും, ഉള്ളിലൊരു തീപ്പൊരിയുണ്ടെങ്കിൽ എത്തിപ്പിടിക്കാൻ പറ്റാത്തതൊന്നും ഇല്ലെന്ന്. അടുത്തിടെ സംസ്ഥാന സർക്കാറിൻെറ ഇ-ഉന്നതി ഉച്ചകോടിയിൽ ചേഞ്ച്മേക്കർ അവാർഡും അദ്ദേഹത്തിന് ലഭിച്ചു.

“ കോർപറേറ്റ് ട്രെയിനറും സെലിബ്രിറ്റി സൈക്കോ തെറപ്പിസ്റ്റുമായി തിളങ്ങുന്ന ഷാജഹാൻ അബൂബക്കറിന് സംസാരവൈകല്യത്തിൻെറ നൊമ്പരങ്ങളേറെ അനുഭവിച്ച ഒരു ബാല്യകാലമുണ്ട്

## വൈദ്യൻ മുതൽ മന്ത്രവാദി വരെ

ആദ്യ മകൻ കുരുന്നിലേ വേർപിരിഞ്ഞപ്പോൾ രണ്ടാമത്തെ മകനിലായി പാലക്കാട് ചെർപ്പുളശ്ശേരി മാരായമംഗലത്തെ അബൂബക്കറിനും ഭാര്യക്കും പ്രതീക്ഷ. അവന് നേരേചൊവ്വേ സംസാരിക്കാൻ കഴിയില്ലെന്ന് അറിഞ്ഞതോടെ അവരാകെ തകർന്നു. സംസാരമൊന്ന് നേരെയായി കിട്ടാൻ അവനെയുംകൊണ്ട് ഡോക്ടർമാരെയും വൈദ്യൻമാരെയും തുടങ്ങി മന്ത്രവാദികളുടെ അടുക്കൽ വരെ പോയി. ഒട്ടും ഫലം കണ്ടില്ല.

ചെറുക്കനെ സംസാരിക്കാൻ പഠിപ്പിക്കാനെന്ന പേരിൽ ചുറ്റും കൂടിയിരുന്ന് ബന്ധുക്കളും കൂട്ടുകാരും പ്രസംഗിപ്പിക്കും. അവ്യക്തമായ ശബ്ദങ്ങൾ ഉയർത്തുന്നതു കേട്ട് പൊട്ടിച്ചിരിക്കും. എൽ.പി സ്കൂളിൽ പഠിപ്പിച്ച ഗീത ടീച്ചർ ഒരു പ്രസംഗം എഴുതി നൽകിയത് കാണാതെ പഠിച്ച് സ്റ്റേജിൽ കയറിയതാണ് ആദ്യമായി ലഭിച്ച ഉത്തേജനം.

## ഫലിച്ചത് കണ്ണാടി ചികിത്സ

പ്ലസ് ടു കാലത്തിനിടെ കൂട്ടുകാരിൽ ഒരാളുടെ അച്ഛൻ ഷാജഹാന് ഒരു വിദ്യ പറഞ്ഞുനൽകി. പരമാവധി നേരം കണ്ണാടിക്കു മുന്നിൽനിന്ന് സ്വന്തം പ്രതിച്ഛായ നോക്കി പ്രസംഗിക്കുക. അതൊരു വലിയ സ്വയം ചികിത്സയായി. മണിക്കൂറുകളോളം കണ്ണാടിക്ക് മുന്നിലായി ഷാജഹാൻെറ ജീവിതം. ഇത് കണ്ട ഉമ്മ മകന് മാനസിക പ്രശ്നവും തുടങ്ങിയോ എന്ന് ഭയപ്പെട്ടു. പക്ഷേ, ഷാജഹാന് പിന്മാറാൻ കഴിയുമായിരുന്നില്ല. ഉള്ളിലൊരു തീ അപ്പോഴേക്കും ആളിത്തുടങ്ങിയിരുന്നു. സാധാരണക്കാരെപ്പോലെ സംസാരിക്കണം. ആളുകൾക്കു മുന്നിൽനിന്ന് പ്രസംഗിക്കണം.

## പബ്ലിക് സ്പീക്കർ ആകണം

“സംസാരിക്കാൻ കഴിവില്ലാത്തതിനാൽ ഉമ്മ കരയുന്നതു കാണുമ്പോൾ നാളെ അവർ ചിരിക്കുന്നത് എൻെറ സംസാരത്തെക്കുറിച്ച് കേട്ടിട്ടായിരിക്കണമെന്ന് ഉറപ്പിച്ചിരുന്നു” -ഷാജഹാൻ പറയുന്നു. “പബ്ലിക് സ്പീക്കർ ആകണമെന്ന് ആഗ്രഹിക്കുന്ന നാളുകളിൽ അതെന്തെന്നുപോലും എനിക്ക് അറിയില്ലായിരുന്നു. ഇന്ന് വർഷത്തിൽ മോട്ടിവേഷൻ ക്ലാസും ട്രെയിനിങ്ങുമായി 200 പരിപാടികളിൽ എങ്കിലും പങ്കെടുക്കുന്നു. ബി.ബി.എ കഴിഞ്ഞതിനുശേഷം പരിചയപ്പെട്ട ഒരു ട്രെയിനർ നൽകിയ ധൈര്യമാണ് മോട്ടിവേഷൻ ട്രെയിനിങ് മേഖലയിലേക്ക് വഴികാട്ടിയത്” -ഷാജഹാൻ പറയുന്നു.

## സൈക്കോ തെറപ്പി, ഹിപ്നോട്ടിസം

എം.ബി.എക്ക് ശേഷം സൈക്കോ തെറപ്പിയിൽ വിവിധ കോഴ്സുകൾ ചെയ്തു. ഇപ്പോൾ കോർപറേറ്റ് ട്രെയിനിങ്ങിന് ഒപ്പം ഹൈ പ്രൊഫൈൽ ബിസിനസുകാരിൽ കുറച്ചുപേരെ മെൻഡർ ചെയ്യുന്നു. മോഡലിങ്, സിനിമ രംഗത്തെ പ്രമുഖരിൽ പലരും മെൻറൽ ട്രെയിനിങ്ങിന് ഷാജഹാൻ അബൂബക്കറിനെ തേടിയെത്തുന്നു. ഭാര്യ ഡോ. ലുലു ഷാജഹാൻ ബാങ്കോക്കിൽ നടന്ന ലോക ഹോമിയോപ്പതി കോൺഗ്രസിൽ ‘കുട്ടികളിലെ അസുഖങ്ങളും മാനസിക സംഘർഷങ്ങളും’ വിഷയത്തിൽ പോസ്റ്റർ പ്രദർശനം നടത്തിയിട്ടുണ്ട്. ◆


• ഷാജഹാൻ അബൂബക്കർ